# പന്ത്രണ്ടാം കേരള നിയമസഭ

ഒന്നാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2006 ജൂൺ 22, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8..30 മുതൽ 9.30 വരെ ചോദ്യോത്തരസമയം)

**ശ്രദ്ധ ക്ഷണിക്കൽ**

(1) ഡിസാസ്റ്റർ മാനേജ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. തോമസ് ഉണ്ണിയാടൻ: കേരളത്തിൽ കാലവർഷത്തിന്റെ വരവോടുകൂടി വ്യാപകമായി സംഭവിക്കാവുന്ന പ്രകൃതി ദുരന്തത്തിന്റെ തീവ്രതയിലേയ്ക്കാണ് സഭയുടെ ശ്രദ്ധക്ഷണിക്കുന്നത്. കാലവർഷം മൂർച്ഛിച്ചതോടുകൂടി ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, കടലാക്രമണം, വെള്ളപ്പൊക്കം എന്നിവമൂലം നിരവധി മനുഷ്യജീവനുകളാണ് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത്. കോടിക്കണക്കിന് രൂപയുടെ നാശനഷ്ടങ്ങൾ സംഭവിക്കുന്നു. കേരളത്തിന്റെ മലനാട് എന്നറിയപ്പെടുന്ന ഹൈറേഞ്ചുകളിൽ ഉരുൾപൊട്ടൽമൂലം വ്യാപകമായ കൃഷിനാശം സംഭവിക്കുമ്പോൾ തീരഭൂമികളിൽ രൂക്ഷമായ

കടലാക്രമണംമൂലം  നൂറുകണക്കിന് വീടുകൾക്ക് പൂർണ്ണമായും ആയിരക്കണക്കിന് വീടുകൾക്ക് ഭാഗികമായും നാശനഷ്ടം സംഭവിക്കുന്നു. പട്ടിണിയും ദുരിതവും പകർച്ചവ്യാധിയുമൊക്കെ ഉണ്ടാകുന്ന ഇടനാട് ഹൈറേഞ്ച് മേഖലയുടെയും തീരപ്രദേശങ്ങളുടെയും ഇടയിലുള്ള സ്ഥലത്ത്  വ്യാപകമായ വെള്ളപ്പൊക്കവും കൃഷിനാശവും ഉണ്ടാകുകയും  വളരെയധികം ആളുകളെ ദുരിതാശ്വാസ കേന്ദ്രത്തിലേയ്ക്ക് മാറ്റി പാർപ്പിക്കുകയും ചെയ്യേണ്ട സ്ഥിതിവരുന്നു. കോടിക്കണക്കിന് രൂപ ഗവൺമെന്റ് ചെലവഴിക്കുകയാണ്. ഇങ്ങനെ കോടിക്കണക്കിന് രൂപ ചെലവഴിച്ചതുകൊണ്ടോ  ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തിയതുകൊണ്ടോ നഷ്ടപ്പെട്ട  ജീവൻ തിരിച്ചുകിട്ടുന്നില്ല.  നാശനഷ്ടങ്ങൾക്ക് ശാശ്വതമായ പരിഹാരമുണ്ടാക്കാൻ കഴിയുന്നില്ല. മലനാട്, ഇടനാട്, തീരഭൂമി  എന്നീ പ്രദേശങ്ങൾ  തരംതിരിച്ച്  ദുരന്ത സാഹചര്യങ്ങൾ വസ്തുനിഷ്ഠമായി വിലയിരുത്തുകയും ശാസ്ത്ര-സാങ്കേതിക രംഗങ്ങളിലെ കഴിവുകൾ പ്രയോജനപ്പെടുത്തുകയും  ഈ മേഖലയിലെ വിദഗ്ദ്ധരുടെയും വിദഗ്ദ്ധ സ്ഥാപനങ്ങളുടെയും സേവനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്ത്  ദുരന്തങ്ങൾക്ക്  ശാശ്വത പരിഹാരമുണ്ടാക്കുന്നതിന്  ആവശ്യമായ നടപടികൾ സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): വളരെ  പ്രധാനപ്പെട്ട ഒരു വിഷയമാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ അവതരിപ്പിച്ചത്.  ശക്തമായ മൺസൂൺ വരാൻപോകുന്നു എന്നുള്ള മുന്നറിയിപ്പാണ് കിട്ടിയിട്ടുള്ളത്. ഗവൺമെന്റ് എടുക്കേണ്ട  മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.  ഒന്നിലധികം ദുരന്തങ്ങൾ സംഭവിക്കാനിടയുള്ള പ്രദേശങ്ങളുടെ പട്ടികയിലാണ് കേന്ദ്രസർക്കാർ കേരളത്തെ ഉൾപ്പെടുത്തിയിരിക്കുന്നത്.  ഇതിൽ വളരെ തീവ്രതയുള്ള ഭൂകമ്പങ്ങൾ കേരളത്തിൽ സംഭവിക്കാനിടയുണ്ടെന്ന് കണക്കാ

ക്കിയിരിക്കുന്നു. ഊർജ്ജ പ്രസരണത്തിൽ വളരെ ഭീതിജനകമായ റിപ്പോർട്ടാണ് വന്നിട്ടുള്ളത്. വർദ്ധിച്ച ജനസാന്ദ്രതയുള്ള കേരള സംസ്ഥാനത്ത് ഇത് ദൂരവ്യാപകമായ പ്രത്യാഘാതമുണ്ടാക്കും. മണിക്കൂറിൽ 148 കിലോമീറ്റർ വരെ വേഗതയുള്ള ചുഴലിക്കാറ്റടിക്കാനും വെള്ളപ്പൊക്കമുണ്ടാകാനുമുള്ള സാധ്യത ഇതിൽ ചൂണ്ടിക്കാണിക്കുന്നു. കടലാക്രമണം ഏറ്റവും രൂക്ഷമാണ്. ഇടിമിന്നൽമൂലം ആളുകൾ മരണപ്പെടുന്ന വളരെ ഗുരുതരമായ സ്ഥിതിവിശേഷമുണ്ട്. അത് ഗൗരവപൂർവ്വം കണക്കാക്കേണ്ടതുണ്ട്. അതുകൊണ്ട് സംസ്ഥാനത്ത് ഒരു ദുരന്ത നിവാരണനയം രൂപീകരിക്കാൻ സർക്കാർ ആഗ്രഹിക്കുന്നു. 2005-ൽ കേരള സർക്കാർ കൊണ്ടുവന്ന ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി രൂപീകരിക്കാനും പ്രകൃതി ദുരന്തങ്ങൾ നിരന്തരം സംഭവിക്കുന്ന പ്രദേശമെന്നുള്ള നിലയിൽ ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും ആവശ്യമായ പരിശീലനം നൽകുന്നതിന് ദുരന്ത നിവാരണ ഇൻസ്റ്റിറ്റ്യൂട്ട് രൂപീകരിക്കാനും ഗവൺമെന്റ് ആഗ്രഹിക്കുന്നു. മുൻകരുതൽ നടപടികളുടെ ഭാഗമായി വെള്ളപ്പൊക്ക സാധ്യതാ പ്രദേശങ്ങൾ കണ്ടുപിടിക്കുന്നതിനും മേഖലകൾ തരംതിരിക്കുന്നതിനും നടപടി സ്വീകരിക്കും. ഏറ്റവും കൂടുതൽ ദുരിതം ബാധിക്കുന്നവരെ സ്ഥിരമായി മാറ്റി പാർപ്പിക്കുന്ന കാര്യം പരിഗണിക്കും. ദുരന്ത സാധ്യതാ പ്രദേശം സംബന്ധിച്ച് പഠനം നടത്തുന്ന കാര്യം നാഷണൽ റിമോട്ട് സെൻസിംഗ് ഏജൻസിപോലുള്ള സ്ഥാപനവുമായി ആലോചിക്കും. തീരദേശ സംരക്ഷണത്തിനായി കണ്ടൽക്കാടുകൾ നിർമ്മിക്കുന്ന നടപടി വ്യാപകമായി ആരംഭിക്കും. കേരളത്തിലെ നദികളിൽ നിന്നും മണൽ വാരുന്നതും കൃഷിഭൂമി ഇടിച്ചുനിരത്തുന്നതുമാണ് ഇതിന് ആനുപാതികമായി പറ

യുന്ന കാരണങ്ങൾ. അപകട സാധ്യതാപ്രദേശങ്ങൾ മാപ്പ് ചെയ്യുന്നതിനും മുന്നറിയിപ്പ് സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനും ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിനും ജ്യോഗ്രഫി ഡിപ്പാർട്ടുമെന്റിന്റെ മേൽനോട്ട ത്തിൽ പദ്ധതികൾ നടപ്പിലാക്കുന്നതിനും ഒരു ഡിസാസ്റ്റർ മാനേജ്മെന്റ് പോളിസി സംസ്ഥാനത്ത് കൊണ്ടുവരുന്നതിനും ഗവൺമെന്റ് ഉദ്ദേശിക്കുന്നു. കേന്ദ്ര നിയമത്തിനനുസൃതമായി റൂൾസുണ്ടാകണം. ഇതിന്റെ പ്രാരംഭ ചർച്ച യ്ക്കായി തുടക്കമെന്നുള്ള നിലയിൽ ജൂലായ് അവസാനം ഒരു ശിൽപ്പശാല നടത്തുന്നുണ്ട്. ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും അവയ്ക്ക് മേൽനോട്ടം കൊടുക്കുന്ന തഹസീൽദാർ, വില്ലേജ് ഓഫീസർ തുട ങ്ങിയ ഉദ്യോഗസ്ഥർക്ക് ഇക്കാര്യത്തിൽ പരിശീലനം കൊടുക്കൂന്നതിനുമായി വിദഗ്ദ്ധരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഡിസാസ്റ്റർ മാനേജ്മെന്റ് സെൽ രൂപീ കരിക്കണമെന്ന നിർദ്ദേശം പരിഗണിക്കാം. അതിന്റെ ആദ്യപടിയായി ഇടുക്കി, കോട്ടയം ജില്ലകളിൽ ആഗസ്റ്റ് മാസത്തിൽ അതിനുള്ള നടപടികൾ ആരംഭി ക്കാം.

## (2) സുനാമി ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ലഭിച്ച തുക വകമാറി ചെലവഴിച്ചതുമൂലമുണ്ടായ ബുദ്ധിമുട്ട്

ശ്രീ.സി.കെ. സദാശിവൻ: സുനാമി ദുരിതാശ്വാസ നിധി വകമാറ്റി ചെല വഴിച്ചതിലേയ്ക്കും ഇക്കാര്യത്തിലുണ്ടായിരിക്കുന്ന ദുരൂഹതയിലേയ്ക്കും ഗവൺമെന്റിന്റെ ശ്രദ്ധ ക്ഷണിക്കുന്നു. 2004 ഡിസംബർ 26-നാണ് ഇന്ത്യയ ടക്കം 12-ഓളം രാജ്യങ്ങളെ ഞെട്ടിച്ച സുനാമി ദുരന്തമുണ്ടായത്. കേരള ത്തിൽ 238 വിലപ്പെട്ട ജീവനാണ് നഷ്ടപ്പെട്ടത്. കൊല്ലം, ആലപ്പുഴ, എറണാ കുളം ജില്ലകളിലായി കോടിക്കണക്കിന് രൂപയുടെ നാശനഷ്ടമുണ്ടായി.

4500–ഓളം വീടുകൾ പൂർണ്ണമായും പതിനായിരത്തോളം വീടുകൾ ഭാഗികമായും തകർന്നു. മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധനോപാധികൾ നഷ്ടപ്പെട്ടു. സന്നദ്ധ സംഘടനകളും മനുഷ്യസ്നേഹികളായ ജനങ്ങളും ഉത്തരവാദപ്പെട്ട രാഷ്ട്രീയ പാർട്ടികളും എല്ലാംതന്നെ ദുരന്ത സ്ഥലത്ത് എത്തി അവർക്ക് സഹായം നൽകുകയുണ്ടായി. എന്നാൽ ഗവൺമെന്റ് സംവിധാനങ്ങൾ ഒന്നുംതന്നെ ഇക്കാര്യത്തിൽ തക്കസമയത്ത് ഇടപെടുകയുണ്ടായില്ല. അതിനുശേഷം 700 കോടി രൂപയുടെ ഒരു പാക്കേജ് ഗവൺമെന്റ് പ്രഖ്യാപിച്ചു. യുദ്ധകാലാടിസ്ഥാനത്തിൽ കടൽഭിത്തി നിർമ്മിക്കുമെന്നും തകർന്നുപോയ പാലങ്ങളുടെയും റോഡുകളുടെയും പുനർനിർമ്മാണവും അറ്റകുറ്റപ്പണികളും നടത്തുമെന്നും തൊഴിലുപകരണങ്ങൾ നൽകുമെന്നും പറഞ്ഞുവെങ്കിലും പുനരധിവാസ പ്രവർത്തനത്തിൽ ഗവൺമെന്റ് യാതൊരു താത്പര്യവും കാണിച്ചില്ല. വീടുനഷ്ടപ്പെട്ടവർക്ക് 24 സന്നദ്ധസംഘടനകളാണ് വീടു നിർമ്മിച്ചു നൽകി അവരെ പുനരധിവസിപ്പിച്ചത്. കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യ (മാർക്സിസ്റ്റ്) ജനങ്ങളിൽനിന്നും മൂന്ന് കോടയിൽപ്പരം രൂപ പിരിച്ച് ഏതാണ്ട് 100 വീടുകൾ നിർമ്മിച്ചുകൊടുത്തു. സർക്കാരിന്റെ വീടുകൾ പ്രതീക്ഷിച്ച് മുന്നൂറോളം കുടുംബങ്ങൾ ഇപ്പോഴും അഭയ കേന്ദ്രങ്ങളിൽ നരകയാതന അനുഭവിച്ചു കഴിയുകയാണ്. ഒരു കോടി രൂപ മുടക്കി ആറാട്ടുപുഴയിൽ ഹയർസെക്കണ്ടറി സ്ക്കൂളിന് രണ്ടുനില കെട്ടിടം വച്ചുകൊടുക്കാമെന്നും ആറാട്ടുപുഴ പഞ്ചായത്തിൽ പ്രൈമറി ഹെൽത്ത് സെന്ററിന് കെട്ടിടം നിർമ്മിച്ചുകൊടുക്കാമെന്നും പുലിമുട്ടുകൾ നിർമ്മിക്കാമെന്നുമൊക്കെ പറഞ്ഞുവെങ്കിലും ഇവയൊന്നും നടപ്പിലാക്കിയിട്ടില്ല. റോഡുകളുടെ അറ്റകുറ്റപ്പണികൾപോലും തീർത്തിട്ടില്ല. വിദേശ മലയാളികളടക്കം സുനാമി ദുരിതബാധിതരെ സഹായിക്കാൻ കോടിക്കണക്കിന് രൂപ

നൽകിയിട്ടുണ്ട്. പ്രധാനമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നുള്ള 100 കോടി രൂപയും രാജീവ്ഗാന്ധി പാക്കേജിന്റെ ഭാഗമായുള്ള 100 കോടി രൂപ യുമടക്കം 366 കോടി രൂപ ലഭിച്ചതായി മുഖ്യമന്ത്രിതന്നെ ഇവിടെ പറയുക യുണ്ടായി. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്കുമാത്രം നാല്പത്കോടി രണ്ട്ലക്ഷം രൂപ ലഭിച്ചു. ഈ തുക എന്തിനുവേണ്ടിയാണ് വിനിയോഗിച്ചതെന്ന് പരിശോധിക്കേണ്ടതുണ്ട്. ഇതിൽ 28 കോടി രൂപയുടെ തിരിമറി നടന്നിട്ടുണ്ടെന്ന് ലോക് ആയുക്ത തന്നെ പറഞ്ഞിട്ടുണ്ട്. ഇതിന് പ്രത്യേക അക്കൗണ്ട് വേണമെന്ന് ഹൈക്കോടതിയും പറഞ്ഞിട്ടുണ്ട്. ഈ പ്രശ്നങ്ങൾ സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങൾ പൂർണ്ണമായും ശരിയാണ്. ഇന്നലെ നന്ദിപ്രമേയ ചർച്ച യിൽ ഇതുസംബന്ധിച്ച് വിശദീകരിച്ചതുകൊണ്ട് ആവർത്തിക്കുന്നില്ല. മന്ത്രി സഭ ഇതുസംബന്ധിച്ച് ചർച്ചചെയ്ത് വളരെ ഗൗരവപൂർവ്വമായ അന്വേഷണം നടത്തും. ഈ ഗവൺമെന്റ് നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചതിൽ 10 കാര്യ ങ്ങൾ പറഞ്ഞിട്ടുണ്ട്. കരുനാഗപ്പള്ളി ആശുപത്രിക്ക് ഒരു കോടി രൂപ കൊടുത്ത് അതിന്റെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുമെന്നും വിധവകൾക്ക് സഹായം നൽകാമെന്നും പറഞ്ഞു. ഇത്തരം കാര്യങ്ങൾ ബന്ധപ്പെട്ട ഉദ്യോ ഗസ്ഥരുടെ സഹായത്തോടുകൂടി മന്ത്രിമാരുടെ നേരിട്ടുള്ള നിയന്ത്രണത്തിലും മേൽനോട്ടത്തിലും നടത്തും. അന്വേഷണത്തിന്റെ വിശദാംശങ്ങൾ എത്രയും വേഗം മന്ത്രിസഭ തീരുമാനിച്ച് പ്രഖ്യാപിക്കുന്നതാണ്. സുനാമി ഫണ്ട് വക മാറ്റി ചെലവഴിച്ചു എന്ന ആരോപണങ്ങളുടെയും ആക്ഷേപങ്ങളുടെയും അടി സ്ഥാനത്തിൽ ഗൗരവമായി ഗവൺമെന്റ് ഈ വിഷയത്തിൽ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ട കാര്യങ്ങൾ എത്രയുംവേഗം ചെയ്ത് ആ

കുടുംബങ്ങളെ സംരക്ഷിക്കാനും സഹായിക്കാനും നടപടിയെടുക്കണമെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം. കടൽഭിത്തി, പുലിമുട്ട് എന്നിവ നിർമ്മിക്കുന്നതിനും താഴ്ന്നുപോയ തീരപ്രദേശങ്ങളിൽ കല്ലിട്ട് ഉയർത്തുന്നതിനുമാവശ്യമായ ഫണ്ട് മഹാരാഷ്ട്രാ ഗവൺമെന്റ് നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ അവരുമായി ചർച്ച ചെയ്ത് ഒരു പാക്കേജ് നടപ്പിലാക്കുന്നതാണ്.

**സബ്മിഷൻ**

(1) <u>തൃശ്ശൂരിലെ എസ്.ആർ.വി. മ്യൂസിക് സ്ക്കൂൾ മ്യൂസിക് കോളേജായി ഉയർത്തണമെന്ന ആവശ്യം</u>

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:</u> തൃശ്ശൂർ ജില്ലയിലെ എസ്.ആർ.വി. മ്യൂസിക് സ്ക്കൂളിൽ +2 കഴിഞ്ഞാൽ ഡിഗ്രിക്ക് ചേരാനുള്ള സൗകര്യമോ സ്ക്കൂൾ ഓഫ് ഡ്രാമയിലെ ചില വിഷയങ്ങളിൽ പോസ്റ്റ് ഗ്രാഡ്വുവേഷൻ കോഴ്സോ ഇല്ല. കേരളത്തിലെ സമാനമായ 3 സ്ക്കൂളുകൾ കോളേജ് ആയി അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്. സാംസ്ക്കാരിക തലസ്ഥാനമായ തൃശ്ശൂരിലെ എസ്.ആർ.വി. മ്യൂസിക് സ്ക്കൂൾ ഡിഗ്രി കോളേജായി അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള സത്വര നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം. എ. ബേബി)</u> : നാടിന്റെ സാംസ്ക്കാരിക അഭിവൃദ്ധിക്ക് സഹായകമായ നിർദ്ദേശമാണിത്. ഇപ്പോൾ അദ്ധ്യാപകരായി പ്രവർത്തിക്കുന്നവർക്ക് കോളേജായി ഉയർത്തുന്നതോടെ ഗാനഭൂഷണം, ഗാനപ്രവീൺ എന്നീ കോഴ്സുകളിൽ പോസ്റ്റ് ഗ്രാഡ്വുവേഷൻ വേണ്ടിവരും. ധനകാര്യച്ചെലവ് വരുന്നത് ഒരു തടസ്സമാണെങ്കിലും ഇക്കാര്യം വളരെ അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.

## (2) കയർ വ്യവസായ മേഖലയിലെ പ്രതിസന്ധി

ശ്രീ. ആനത്തലവട്ടം ആനന്ദൻ : കയർ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന 4 ലക്ഷത്തോളം തൊഴിലാളികളും ചെറുകിട കയറുൽപ്പാദകരും തൊഴിൽ സഹകരണ സംഘങ്ങളും കഴിഞ്ഞ അഞ്ച്വർഷമായി തകർച്ചയുടെ വക്കിലാണ്. കയർ കെട്ടിക്കിടക്കുന്ന തുകൊണ്ട് തൊഴിലുടമസ്ഥർ ബുദ്ധിമുട്ടിലാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ഭരണകാലത്ത് ഇത്തരം ഒരു പ്രതിസന്ധി ഉണ്ടായപ്പോൾ ഡിസ്ട്രസ് പർച്ചേസ് നടത്തി കയർ വ്യവസായത്തെ സംരക്ഷിച്ചിരുന്നു. അർഹരായ കയർ തൊഴിലാളികൾക്ക് നിഷേധിച്ച പെൻഷൻ പുന:സ്ഥാപിക്കുന്ന തോടൊപ്പം അനർഹരായവർക്ക് ഈ ആനുകൂല്യം ഇപ്പോൾ നൽകുന്നത് പരിശോധനയ്ക്ക് വിധേയമാക്കണം. കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതോടൊപ്പം തകർച്ചയുടെ വക്കിലായ കയർഫെഡിനെ സംരക്ഷിക്കുന്നതിനും തകർച്ചയ്ക്കുള്ള കാരണം കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കണം.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): കയർ ഉല്പന്നങ്ങളുടെ ആഭ്യന്തര വിപണി വിപുലീകരി ക്കാത്തതും ഉല്പാദനത്തിനനുസൃതമായി കയറ്റുമതി വർദ്ധിപ്പിക്കാത്തതും കേന്ദ്ര നയങ്ങളുടെ ഭാഗമായി വ്യവസായത്തിനു ലഭ്യമായിരുന്ന റിബേറ്റ് ആനുകൂല്യവും മിനിമം എക്സ്പോർട്ട് പ്രൈസും മിനിമം പർച്ചേസ് പ്രൈസും ഇല്ലാതാക്കിയതും ഈ മേഖലയിലെ പ്രതിസന്ധി കൂടുതൽ വഷളാക്കിയിട്ടുണ്ട്. സഹകരണ മേഖലയുടെ തകർച്ചയും ചെറുകിട ഉല്പാദകർക്ക് ന്യായവിലയും തൊഴിലാളികൾക്ക് അംഗീകൃത കൂലിയും

ലഭ്യമാകാത്തത് ഈ മേഖല നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങളാണ്. ഇവയ്ക്ക് സമയബന്ധിതമായി പരിഹാരം കാണാനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. കെട്ടിക്കിടക്കുന്ന കയർ വാങ്ങി സംഭരിക്കുന്നതിനും ഉല്പന്ന നിർമ്മാണ മേഖലയിലെ മാന്ദ്യം പരിഹരിക്കുന്നതിനുമായി കയർ കോർപ്പറേഷൻ വഴിയും കയർഫെഡ് വഴിയും കയർ വാങ്ങി സംഭരിക്കുന്നതിനുള്ള നടപടി ആരംഭിച്ചുകഴിഞ്ഞു. ഇതിനായി അടിയന്തിരമായി ഉത്തരവ് പുറപ്പെടുവിക്കുകയും സംഭരണം ജൂലൈ ആദ്യവാരം മുതൽ ആരംഭിക്കുന്നതുമാണ്. 600 ലക്ഷം രൂപയുടെ ഉല്പന്നങ്ങൾ വാങ്ങി സംഭരിക്കുവാനാണ് ശ്രമിക്കുന്നത്. സംഭരിക്കുന്ന ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പുവരുത്തുന്നതോടൊപ്പം തൊഴിലാളികൾക്ക് അംഗീകൃത കൂലി നിഷേധിക്കുന്ന സംരംഭകരിൽ നിന്നും ഇടത്തട്ടുകാരിൽ നിന്നും ഉല്പന്നങ്ങൾ സംഭരിക്കാൻ പാടില്ല എന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. 31 മാസത്തെ പെൻഷൻ കുടിശ്ശികയിൽ 12 മാസത്തേത് നൽകാൻ നടപടികൾ പൂർത്തിയായിട്ടുണ്ട്. ഇതിന്റെ പ്രയോജനം 65,179 തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിനുവേണ്ടി 4 കോടി 86 ലക്ഷം രൂപ മാറ്റിവച്ചിട്ടുണ്ട്. ഈ മേഖലയിലെ പ്രതിസന്ധികൾ ഹ്രസ്വകാല-ദീർഘകാല അടിസ്ഥാനത്തിൽ പരിഹരിക്കുന്നതിന് ബന്ധപ്പെട്ട എല്ലാവരുടേയും നിർദ്ദേശങ്ങളും സഹായ സഹകരണങ്ങളും തേടാൻ തീരുമാനിച്ചിട്ടുണ്ട്. സംഘടനാ പ്രതിനിധികളായ ശ്രീ. ആനത്തലവട്ടം ആനന്ദൻ, ശ്രീ.പി..വി. സത്യനേശൻ, ശ്രീ.വി.സി.അലോഷ്യസ്, ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവരെ ഉൾപ്പെടുത്തി മന്ത്രി ചെയർമാനായി സംസ്ഥാന അഡ്വൈസറി കമ്മിറ്റി രൂപീകരിക്കുകയാണ്. കയർ സെക്രട്ടറി ചെയർമാനായും പ്രോജക്ട് തലത്തിൽ പ്രോജക്ട് ഓഫീസർ കൺവീനറായും ഇംപ്ലിമെന്റേഷൻ കമ്മിറ്റി

രൂപീകരിക്കുകയാണ്. മിനിമം കൂലിയോ അംഗീകൃത വേതനമോ കൊടുക്കാത്ത സ്വകാര്യ ഉല്പാദകരിൽനിന്നും കയർ ഡിപ്പോപോലുള്ള മിഡിൽ ഏജൻസികളിൽ ഡിസ്ട്രസ് പർച്ചേസ് നടത്തണ്ട എന്ന് തീരുമാനിച്ചിട്ടുണ്ട്. പെൻഷൻ പദ്ധതിയുടെ സംസ്ഥാനതലത്തിലുള്ള ഉൽഘാടനകർമ്മം ഇന്ന് വൈകിട്ട് 6 മണിക്ക് ആലപ്പുഴവച്ച് നടത്തുന്നതാണ്.

(3) <u>മലപ്പുറം ജില്ലയിലെ കയ്പ്പിനിയിലെ കള്ളുഷാപ്പ് പൂട്ടണമെന്ന ആവശ്യം</u>

<u>ശ്രീ. ആര്യാടൻ മുഹമ്മദ്:</u> നാട്ടുകാരുടെ എതിർപ്പിനെത്തുടന്ന് എക്സൈസ് കമ്മീഷണർ ക്യാൻസൽ ചെയ്ത ചുങ്കത്തറ പഞ്ചായത്തിലെ കയ്പ്പിനിയിലെ കള്ള് ഷാപ്പ് ഹൈക്കോടതിയിൽനിന്നും സ്റ്റേ വാങ്ങി പോലീസ് പ്രൊട്ടക്ഷനോടെ വീണ്ടും പ്രവർത്തിക്കുകയാണ്. അവിടെ വ്യാജമദ്യം വിൽക്കാനുള്ള സൗകര്യം പോലീസ് ഉണ്ടാക്കിക്കൊടുക്കുന്നു. ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന മദ്യഷാപ്പുകളുടെ ലൈസൻസ് റദ്ദാക്കാൻ അബ്കാരി ആക്ടിൽ പ്രൊവിഷനുണ്ട്. ഹൈക്കോടതിയുടെ സ്റ്റേ വെക്കേറ്റ് ചെയ്യാനും വ്യാജമദ്യം നിർത്തലാക്കാനുമുള്ള അടിയന്തിര നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ. പി. കെ. ഗുരുദാസൻ)</u> : മലപ്പുറം ജില്ലയിലെ ചുങ്കത്തറയിലെ കയ്പിനിയിലെ കള്ള്ഷാപ്പ് അടച്ചുപൂട്ടാൻ 8-3-2006-ൽ സർക്കാർ ഉത്തരവായതാണ്. പക്ഷേ ഷാപ്പുടമ 13-3-2006 -ൽ കോടതിവിധി സമ്പാദിച്ച് സർക്കാർ ഉത്തരവ് സ്റ്റേ ചെയ്ത് പോലീസ് പ്രൊട്ടക്ഷനോടെ ഷാപ്പ് നടത്തുകയാണ്. ഇക്കാര്യത്തിൽ ജില്ലാ ഭരണാധികാരിയുടെ റിപ്പോർട്ട് ലഭ്യമാക്കി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. വ്യാജമദ്യ വിൽപ്പന സംബന്ധിച്ച് അന്വേഷണം നടത്തുന്നതാണ്.

(4) <u>അങ്കമാലി–മൂവാറ്റുപുഴ–തൊടുപുഴ റോഡിന്റെ നിർമ്മാണത്തിലുള്ള അപാകതകൾമൂലം ജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ</u>

<u>ശ്രീ. ബാബു പോൾ</u> : കെ.എസ്.ടി.പി. അനുസരിച്ച് അങ്കമാലി–മൂവാറ്റുപുഴ–തൊടുപുഴ ഹൈവേ റോഡ് നിർമ്മാണ പ്രവർത്തനങ്ങളിലെ അപാകത സ്വകാര്യവ്യക്തിയുടെ താൽപര്യമനുസരിച്ച് റോഡ് നിർമ്മാണം നടത്തിയതിൽ വന്ന വമ്പിച്ച അഴിമതി മൂലമുണ്ടായതാണ്. പ്രസ്തുത റോഡ് വളഞ്ഞുപുളഞ്ഞാണ് കിടക്കുന്നത്. ചെറിയ മഴ പെയ്താൽപ്പോലും വെള്ളക്കെട്ടുണ്ടാകുന്നതുമൂലം വളരെയധികം അപകടങ്ങളുണ്ടാകുന്നു. ഓടകൾ തകർന്നുകിടക്കുന്നു. റോഡും ഓടകളും പുനർനിർമ്മിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. പി. ജെ. ജോസഫ്</u>) : കെ.എസ്.ടി.പി. പ്രകാരം അങ്കമാലി–മൂവാറ്റുപുഴ–തൊടുപുഴ ഹൈവേ റോഡ് പ്രോജക്ട് ഡിസൈൻ തയ്യാറാക്കിയത് എം.സി.ലൂയിസ് ബർജർ എന്ന അന്താരാഷ്ട്ര കമ്പനിയാണ്. പ്രസ്തുത അലൈൻമെന്റിൽ ബന്ധപ്പെട്ട ചിലരുടെ ഇടപെടലുകൾമൂലം മാറ്റം വന്നതായി അറിഞ്ഞു. പ്രസ്തുത അലൈൻമെന്റ് വിശദമായി പരിശോധിച്ച് അപകടം ഒളിഞ്ഞുകിടക്കുന്ന വളവുകൾ ശരിയാക്കാനുള്ള നടപടി കൈക്കൊള്ളുന്നതാണ്. മൂവാറ്റുപുഴ നിർമ്മല കോളേജ് ഭാഗത്ത് ഒരേ പോയിന്റിൽ 9 അപകടങ്ങളുണ്ടായതിൽ 2 പേർ മരിച്ചു. നാളെത്തന്നെ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും ഒരു മീറ്റിംഗ് കാലടി ടി.ബി.യിൽ 5 മണിക്ക് വിളിച്ചുകൂട്ടി അപകടം ഒഴിവാക്കാൻ വേണ്ടത് ചെയ്യുന്നതാണ്.

(5) <u>കേരളത്തിലെ ഹീമോഫീലിയ രോഗികൾക്ക് വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കേണ്ടത് സംബന്ധിച്ച്</u>

ശ്രീ. എം. മുരളി : സംസ്ഥാനത്ത് ഹീമോഫീലിയ എന്ന ഗുരുതരമായ രോഗം ബാധിച്ച് ചികിത്സ ലഭിക്കാതെ 100 കണക്കിനാളുകൾ മരിക്കുന്നുണ്ട്. കേരളത്തിൽ ഡോ. പൈ രൂപീകരിച്ച സൊസൈറ്റി മാത്രമാണ് ഇതിനുള്ള ഏക സംവിധാനം. മെഡിക്കൽ കോളേജിൽപ്പോലും രോഗനിർണ്ണയത്തിനോ ചികിത്സയ്ക്കോ സംവിധാനമില്ല. വിലയേറിയ മരുന്ന് വിദേശത്തുനിന്നും ലഭ്യമാക്കാൻ പാവപ്പെട്ട രോഗികൾക്ക് സാദ്ധ്യമല്ല. വിദഗ്ദ്ധരായ ഡോക്ടർമാരെ വിദേശത്ത് അയച്ച് ചികിത്സയ്ക്കുവേണ്ടിയുള്ള പരിശീലനം നൽകുന്നതിനും വിലയേറിയ മരുന്ന് വിദേശത്തുനിന്നും വരുത്തി പാവപ്പെട്ട രോഗികൾക്ക് സൗജന്യമായി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം. രോഗംമൂലം ജീവച്ഛവങ്ങളായി മാറുന്ന രോഗികളെ പൂർണ്ണ വികലാംഗരായി കണക്കാക്കി വികലാംഗർക്കുള്ള ആനുകൂല്യവും സംരക്ഷണവും നൽകണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : കേരളത്തിൽ 990 കുടുംബങ്ങളിൽ ഹീമോഫീലിയ രോഗബാധിതരുണ്ടെന്നാണ് ഔദ്യോഗികമായ കണക്ക്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മാത്രമാണ് ഇതിന് മാത്രമായി ഒരു ക്ളിനിക് പ്രവർത്തിക്കുന്നത്. ആ ക്ളിനിക്കിൽ ഒരു ഡോക്ടറുടെ സേവനവും ലഭ്യമാണ്. ഹീമോഫീലിയ രോഗം ബാധിച്ചവർക്ക് കുത്തിവയ്പ്പിന് 2000 രൂപ മുതൽ 3000 രൂപ വരെ ചെലവ് വരും. പാവപ്പെട്ടവർക്ക് ഈ ചെലവ് വഹിക്കാനുള്ള സാഹചര്യമില്ല. കേന്ദ്ര ഗവൺമെന്റിന്റെ നോംസ് അനുസരിച്ച് ഇവരെ വികലാംഗരുടെ പട്ടികയിൽപ്പെടുത്താനും സാദ്ധ്യമല്ല. പാവപ്പെട്ട ഇത്തരം കുടുംബങ്ങളെ സഹായിക്കുന്നതിനായി കേന്ദ്ര സാമൂഹ്യക്ഷേമ വകുപ്പും ഹെൽത്ത് ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട് ചർച്ചനടത്തി ഇതി

നൊരു പരിഹാരം കണ്ടെത്താൻ ശ്രമിക്കുന്നതാണ്. എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും ഇതിനാവശ്യമായ സംവിധാനം ഉണ്ടാക്കാൻ കഴിയുമോ എന്ന് പരിശോധിക്കുന്നതാണ്.

(6) രമാദേവിയുടെ കൊലയാളിയെ അറസ്റ്റ് ചെയ്യണമെന്ന ആവശ്യം

ശ്രീ. കെ. സി. രാജഗോപാലൻ : ആറന്മുള നിയോജകമണ്ഡലത്തിലെ കോയിപ്രം പഞ്ചായത്തിലെ പുല്ലാട്ട് വടക്കേചെട്ടകുളത്തുവീട്ടിൽ ജനാർദ്ദനൻ നായരുടെ ഭാര്യ രമാദേവിയെ കഴിഞ്ഞ മേയ് 26-ന് പകൽ കഴുത്തറുത്ത് കൊലചെയ്യപ്പെട്ട രീതിയിൽ കണ്ടു. പ്രതികളെ ഇതുവരെയും അറസ്റ്റ് ചെയ്തിട്ടില്ല. പ്രതികളെ എത്രയുംപെട്ടെന്ന് അറസ്റ്റ് ചെയ്യാൻ നടപടി സ്വീകരിക്കണം. അതോടൊപ്പം അന്യസംസ്ഥാനങ്ങളിൽനിന്നും ജോലിക്ക് ഇവിടെ വരുന്നവരെക്കുറിച്ച് അറിയാൻ ഒരു പ്രത്യേക സംവിധാനംകൂടിയുണ്ടാക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) :പത്തനംതിട്ട പുല്ലാട്ട് വടക്കേചെട്ടകുളത്തുവിട്ടിൽ ജനാർദ്ദനൻ നായരുടെ ഭാര്യ രമാദേവി 2006 മേയ് 26-നാണ് കഴുത്തിന് വെട്ടേറ്റ് മരണപ്പെട്ടത്. ഇതുസംബന്ധിച്ച് ഇൻഡ്യൻ ശിക്ഷാനിയമ പ്രകാരം കോയിപ്രം പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് പ്രേത വിചാരണ റിപ്പോർട്ട് തയ്യാറാക്കിയശേഷം മൃതദേഹം കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പോസ്റ്റ്മോർട്ടം നടത്തിയിരുന്നു. വിരലടയാള വിദഗ്ദ്ധർ, സയന്റിഫിക് അസിസ്റ്റന്റ് എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തുകയും ചെയ്തിരുന്നു. പോലീസ് നടത്തിയ വിശദമായ അന്വേഷണത്തിൽ രമാദേവിയുടെ വീടിനടുത്ത് നിർമ്മാണത്തിലിരിക്കുന്ന വീടിന്റെ പണിക്ക് വന്നവരിൽ ചിലരെയാണ് സംശയിക്കപ്പെടുന്നത്. ഈ സംഭവത്തിനുശേഷം അവിടെ പണിക്കു വന്നവരിൽ ചിലർ ഒളിവിൽ പോയിരിക്കുകയാണ്. കോഴഞ്ചേരി

പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് അന്വേഷണം ഊർജ്ജിതപ്പെടുത്താൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. മറ്റ് സ്ഥലത്തുനിന്നും ജോലിക്ക് വരുന്നവരെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വയ്ക്കാനുള്ള ക്രമീകരണം എങ്ങനെയുണ്ടാക്കാൻ കഴിയുമെന്നത് ഗവൺമെന്റ് ആലോചിക്കുന്നതാണ്.

(7) 21-06-2006-ന് നടന്ന കെ.എസ്.യു. മാർച്ചിനോടനുബന്ധിച്ചുണ്ടായ അനിഷ്ട സംഭവങ്ങൾ

ശ്രീ. പി.സി.വിഷ്ണുനാഥ് : സംസ്ഥാനത്തെ വിദ്യാർത്ഥികൾക്കും യുവ ജനങ്ങൾക്കും നേരെയുള്ള പോലീസ് അതിക്രമം നാലാം ദിവസവും തുടരുക യാണ്. വളരെ നേരത്തെതന്നെ നോട്ടീസ് കൊടുത്ത് സംസ്ഥാനത്തെ വിവിധ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാരുടെ ഓഫീസുകളിലേയ്ക്ക് തികച്ചും ന്യായമായ ആവശ്യങ്ങൾ ഉന്നയിച്ച് കെ.എസ്.യു. ക്കാർ നടത്തിയ മാർച്ചിനു നേരെ ക്രൂരമായ പോലീസ് അതിക്രമമാണ് ഇന്നലെ ഉണ്ടായത്. തിരുവനന്ത പുരത്തെ ഡി.ഡി. ഓഫീസിലേയ്ക്ക് മാർച്ച് നടത്തിയ കെ.എസ്.യു നേതാ ക്കളെ ക്രൂരമായി മർദ്ദിക്കുകയുണ്ടായി. കണ്ണൂർ ഡി.ഡി. ഓഫീസിലേയ്ക്ക് മാർച്ച് നടത്തിയ വിദ്യാർത്ഥികൾക്കുനേരെ പോലീസ് അക്രമം അഴിച്ചു വിടുകയും അതിൽ ഭയന്ന് ഡി.ഡി. ഓഫീസിന്റെ ഉള്ളിലേയ്ക്ക് കയറിയ എട്ടാം ക്ളാസ് വിദ്യാർത്ഥിയെ വലിച്ചിഴച്ചുകൊണ്ടുപോകുന്ന കാഴ്ചയാണ് കാണാൻ കഴിഞ്ഞത്. എറണാകുളത്ത് നടത്തിയ മാർച്ചിൽ കെ.എസ്.യു. നേതാവായ തമ്പി സുബ്രഹ്മണ്യത്തെ പോലീസ് ജീപ്പിലിട്ട് ക്രൂരമായി മർദ്ദിച്ചു. ഈ സംഭവങ്ങളിലെല്ലാം കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നട പടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സംസ്ഥാന വ്യാപകമായി ഡി.ഡി. ഓഫീസുകളിലേയ്ക്ക് കെ.എസ്.യു. മാർച്ച് നടന്നിരുന്നു. സംസ്ഥാനത്തുടനീളം നടത്തിയ സമരം തിരുവനന്തപുരം, കണ്ണൂർ എന്നിവിടങ്ങളിൽ അക്രമാസക്തമായി. കണ്ണൂരിൽ 200-ഓളം വരുന്ന പ്രകടനക്കാരെ ഡി.ഡി.ഓഫീസിൽവച്ച് തടഞ്ഞതിൽ പ്രകോപിതരായ പ്രകടനക്കാർ മുദ്രാവാക്യം വിളിക്കുകയും പോലീസുമായി ഉന്തും തള്ളുമുണ്ടാക്കുകയും ചെയ്തു. പ്രകടനക്കാരുടെ പിൻനിര യിൽനിന്നും പോലീസിനുനേരെ കല്ലേറുണ്ടായതിൽ ഒരു ഡിവൈ.എസ്.പി., രണ്ട് സി.ഐ, ഒരു എ.എസ്.ഐ. ഉൾപ്പെടെ 9 പോലീസുകാർക്ക് പരിക്കേറ്റതാ യാണ് റിപ്പോർട്ട്. അതുകൂടാതെ വഴിയാത്രക്കാരായ ഒരാൾക്ക് പരിക്കേൽക്കു കയും അയാളെ ചികിത്സയ്ക്കായി ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയു മാണ്. അക്രമാസക്തരായ പ്രകടനക്കാരെ പോലീസ് വിരട്ടിയോടിച്ചതിന്റെ ഫലമായി 5 പേർക്ക് പരിക്കുപറ്റുകയും അവരെ ആശുപത്രിയിൽ പ്രവേശി പ്പിക്കുകയും ചെയ്തു. കെ.എസ്.ആർ.ടി.സി. ബസ് കല്ലെറിഞ്ഞ് തകർത്ത സംഭവത്തിൽ കൺടക്ടറുടെ പരാതിപ്രകാരം കോഴിക്കോട് ഒരു കേസ് രജി സ്റ്റർ ചെയ്തിട്ടുണ്ട്. എറണാകുളത്ത് പ്രകടനം നടത്തിയവർ പോലീസുമായി ഉന്തും തള്ളും നടത്തുകയും പോലീസിനുനേരെ കല്ലേറ് നടത്തുകയും ചെയ്തതിൽ 3 പോലീസുകാർക്കും 7 യൂത്ത് കോൺഗ്രസ്സ് പ്രവർത്ത കർക്കും പരിക്കുപറ്റി. കൊല്ലം ജില്ലയിൽ റോഡ് ഉപരോധിച്ച് സമരം നടത്തി യവരെ പോലീസ് സ്റ്റേഷനിലേയ്ക്ക് കൊണ്ടുവന്നപ്പോൾ ജില്ലാ സെക്രട്ടറി രതീഷിന് ദേഹാസ്വാസ്ഥ്യം ഉണ്ടാകുകയും ചികിത്സയ്ക്കായി അദ്ദേഹത്തെ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തു. തിരുവനന്തപുരത്ത് ഡി.ഡി. ഓഫീസിന് മുന്നിൽ പ്രകടനമായി എത്തിയവർ പോലീസ് സ്ഥാപിച്ചിരുന്ന

ബാരിക്കേഡ് മറിച്ചിടുകയും അക്രമാസക്തരായി മുന്നോട്ട് പോകാൻ ശ്രമിക്കുകയും ചെയ്തപ്പോൾ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെ ഉത്തരവ് പ്രകാരം ജലപീരങ്കി പ്രയോഗിച്ചിട്ടുണ്ട്. കാസർകോട് ഡി.ഡി. ഓഫീസി ലേയ്ക്കും തള്ളിക്കയറാൻ ശ്രമം നടന്നു. സംഘടിതമായി പ്രശ്നങ്ങൾ സൃഷ്ടിച്ച് നിയമസഭാ സമ്മേളനം നടക്കുന്ന ഈ അവസരത്തിൽ നടത്തുന്ന അക്രമങ്ങളായിട്ടാണ് ഗവൺമെന്റ് ഇതിനെ കാണുന്നത്. അങ്ങേയറ്റം സംയ മനം പാലിച്ച് ഈ പ്രശ്നം കൈകാര്യം ചെയ്യാൻ പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്രയും അക്രമങ്ങൾ പോലീസിനുനേരേ നടന്നിട്ടും ഇന്നലെ മറ്റ് തരത്തിലുള്ള പ്രശ്നങ്ങളില്ലാതെ ജലപീരങ്കിപ്രയോഗം കൊണ്ടു മാത്രമാണ് ഈ പ്രശ്നം കൈകാര്യം ചെയ്തിട്ടുള്ളത്. ബഹുമാനപ്പെട്ട പ്രതി പക്ഷ നേതാവിനോടും മറ്റുള്ളവരോടും അഭ്യർത്ഥിക്കാനുള്ളത് കൂടുതൽ പ്രശ്നങ്ങൾ ഉണ്ടാക്കാൻ തയ്യാറാകാതെ സംസ്ഥാനത്ത് സമാധാനപരമായ അന്തരീക്ഷമുണ്ടാകാൻ സഹകരിക്കണമെന്നാണ്.

### (8) തൃശൂരിലെ കയ്പമംഗലത്ത് പോലീസ് ഔട്ട്പോസ്റ്റ് സ്ഥാപിക്കണമെന്ന ആവശ്യം

ശ്രീ. ടി.എൻ.പ്രതാപൻ: തൃശൂർ ജില്ലയിലെ തീരദേശ പ്രദേശങ്ങളിലെ ഗുണ്ടാ മാഫിയാ സംഘങ്ങളുടെ ആക്രമണങ്ങൾ വളരെ രൂക്ഷമായിരിക്കുകയാണ്. ഏതാനും ദിവസങ്ങളിലായി നിരവധി കൊലപാതകങ്ങൾ നടന്നിരിക്കുകയാണ്. മാഫിയ സംഘങ്ങൾ തമ്മിലുള്ള ഏറ്റുമുട്ടലാണ് ഏറ്റവും രൂക്ഷം. കൊടുങ്ങല്ലൂർ മുതൽ മംഗലാംകുന്ന് വരെയുള്ള തീരദേശ പ്രദേശങ്ങളിൽ ഇത്തരത്തിലുള്ള സംഘങ്ങൾ തമ്മിൽ ഏറ്റുമുട്ടിയതുമൂലമാണ് പല കൊലപാതകങ്ങളും ഉണ്ടായത്. കഴിഞ്ഞ

ദിവസം 7 വയസ്സുള്ള പെൺകുട്ടിയെ മാനഭംഗപ്പെടുത്തി ദാരുണമായി കൊല ചെയ്ത സംഭവവുമുണ്ടായി. മദ്യ മാഫിയ സംഘങ്ങളും മയക്കുമരുന്ന് സംഘങ്ങളും ആ പ്രദേശത്ത് പ്രവർത്തിക്കുന്നുണ്ട്. പോലീസിന് പലപ്പോഴും ഇക്കാര്യങ്ങളിൽ കൃത്യമായി നടപടി എടുക്കാൻ കഴിയാതെ വരാറുണ്ട്. പോലീസ് സ്റ്റേഷനുകളുടെ അധികാരപരിധി കൂടുതലും പോലീസുകാരുടെ എണ്ണം കുറവുമാണ്. തൃശൂർ ജില്ലയിലെ മതിലകം പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട പ്രദേശങ്ങളിലാണ് ഏറ്റവും കൂടുതൽ ക്രിമിനൽ കേസുകൾ ചാർജ്ജ് ചെയ്യപ്പെട്ടിട്ടുള്ളത്. ആർ.എസ്.എസ്., വി.എച്ച്.പി. തുടങ്ങിയ വർഗ്ഗീയ ഫാസിസ്റ്റ് ശക്തികളുടെ ഏറ്റവും കൂടുതൽ ആക്രമണം നടക്കുന്ന സ്ഥലം കൂടിയാണിത്. കയ്പമംഗലത്ത് ഒരു പോലീസ് സ്റ്റേഷൻ ആരംഭിക്കണമെന്നത് പ്രയോറിറ്റി ലിസ്റ്റിൽ ഉള്ളതാണ്. അത് സാധിക്കുകയില്ലെങ്കിൽ അവിടെ അടിയന്തിരമായി ഒരു പോലീസ് ഔട്ട്പോസ്റ്റ് സ്ഥാപിച്ച് ക്രിമിനൽ സംഘങ്ങളെ ഉൻമൂലനം ചെയ്യുന്നതിനും ജനങ്ങൾക്ക് സ്വൈര ജീവിതം ഉറപ്പ് വരുത്തുന്നതിനുമുള്ള സത്വര നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): വളരെ പ്രധാനപ്പെട്ട കാര്യങ്ങളാണ് മെമ്പർ പറഞ്ഞത്. ആ പ്രദേശത്ത് നിലനിൽക്കുന്ന സാഹചര്യത്തെക്കുറിച്ച് ഗവൺമെന്റിന് ബോദ്ധ്യമുണ്ട്. അവിടെ ഒരു പോലീസ് ഔട്ട്പോസ്റ്റ് സ്ഥാപിക്കണമെന്ന താൽപ്പര്യം എനിക്കുമുണ്ട്. പുതിയ ഔട്ട്പോസ്റ്റ് തുടങ്ങേണ്ടതില്ലെന്ന് മുൻ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തീരുമാനിച്ചതായാണ് ഫയലിൽനിന്നും മനസ്സിലായത്. പോലീസുകാരുടെ എണ്ണം കുറവായതു കൊണ്ടാണ് ഇത് നടപ്പിലാക്കാൻ സാധിക്കാതെ പോയത്. പോലീസിന്റെ ലഭ്യത കൂടി പരിഗണിച്ച് ഈ ആവശ്യം പ്രത്യേകമായി പരിഗണിക്കുന്നതാണ്.

(9) അയിരൂരിൽ മുഖംമൂടി സംഘം നടത്തിയ ആക്രമണം

ശ്രീ. വർക്കല കഹാർ:വർക്കല നിയോജകമണ്ഡലത്തിലെ അയിരൂരിൽ ചൊവ്വാഴ്ച വെളുപ്പിന് ആറുപേരോളം വരുന്ന മുഖംമൂടി സംഘം നിരവധി വീടുകൾ ആക്രമിക്കുകയും സ്ത്രീകളും വൃദ്ധരുമടങ്ങുന്ന ആളുകൾക്ക് നേരെ ഭീകരമായ ആക്രമണം അഴിച്ചുവിടുകയുമുണ്ടായി. വീട്ടുസാധനങ്ങൾ നശിപ്പിക്കുക, ആഭരണങ്ങൾ കവരുക ഇങ്ങനെയുള്ള ധാരാളം സംഭവങ്ങളുണ്ടായി. വൈദ്യുതി, ടെലിഫോൺ ബന്ധങ്ങൾ വിച്ഛേദിച്ച ശേഷമാണ് ഈ ആക്രമണങ്ങളെല്ലാം നടത്തുന്നത്. ഈ സംഭവത്തെക്കുറിച്ച് അടിയന്തിരമായി അന്വേഷണം നടത്തുകയും പ്രതികളെ എത്രയും പെട്ടെന്ന് കസ്റ്റഡിയിലെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും വേണം. തലസ്ഥാന നഗരിയിലുൾപ്പെടെ ഇതുപോലുള്ള സംഭവങ്ങളുണ്ടാകുന്നു. ഇതിനെതിരെ കർശനമായ നടപടി ഉണ്ടാകണം. ഇങ്ങനെയുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ഇത് ഗൗരവമുള്ള പ്രശ്നമായി ഗവൺമെന്റ് കണ്ടിട്ടുണ്ട്. അവിടത്തെ പ്രത്യേകമായ സ്ഥിതിവിശേഷം കൈകാര്യം ചെയ്യുന്നതിനു വേണ്ടി ആറ്റിങ്ങൽ ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിൽ പ്രത്യേക പോലീസ് ടീമിനെ രൂപീകരിച്ച് അന്വേഷിക്കാനുള്ള ഊർജ്ജിത ശ്രമം ഗവൺമെന്റ് നടത്തിവരുന്നുണ്ട്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ നടക്കുന്ന ഇത്തരം സംഭവങ്ങളെ സംബന്ധിച്ച് പ്രത്യേകമായി പരിശോധിക്കാനും സംഭവങ്ങളുടെ ഗൗരവം കണക്കിലെടുത്ത് ഇന്ന് വൈകുന്നേരം ബന്ധപ്പെട്ട സ്ഥലങ്ങളിലുള്ള ഉന്നത പോലീസുദ്യോഗസ്ഥരുടെ യോഗം വിളിക്കാനും തീരുമാനിച്ചിട്ടുണ്ട്.

(10) പലകപ്പാണ്ടി പദ്ധതി പൂർത്തീകരണം

ശ്രീ. വി. ചെന്താമരാക്ഷൻ: കൊല്ലങ്കോട് നിയോജകമണ്ഡലത്തിലെ പലകപ്പാണ്ടി ജലസേചന പദ്ധതി അടിയന്തിരമായി പൂർത്തീകരിക്കണം. സ്ഥിരമായി നെൽകൃഷി ഉണക്ക് ഭീഷണി നേരിടുന്ന കൊല്ലങ്കോട്, മുതലമട, എലവഞ്ചേരി പഞ്ചായത്തുകളിലെ 5465 ഹെക്ടർ കൃഷിഭൂമിക്ക് ആവശ്യാനുസരണം ജലസേചനം നടത്താൻ കഴിയുന്ന പദ്ധതിയാണിത്. മഴവെള്ളം ഗതി തിരിച്ചുവിട്ട് ചുള്ളിയാർ ഡാം നിറച്ചാണ് ഈ പദ്ധതി പ്രാവർത്തികമാക്കാനുള്ള പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. ഇത് പ്രാവർത്തികമായാൽ ഈ മേഖലയിലെ ജലസേചന പ്രശ്നം പരിഹരിക്കുന്നതോടോപ്പം കുടിവെള്ള പ്രശ്നവും പരിഹരിക്കപ്പെടും. ഇതിനുവേണ്ടി നബാർഡിൽ നിന്നും 9.35 കോടി രൂപ ഗ്രാന്റായി അനുവദിച്ചിട്ടുണ്ടെന്നാണറിയുന്നത്. ഇത് സർക്കാരിന് ബാധ്യത വരുന്ന പദ്ധതി അല്ല. വളരെ പെട്ടെന്ന് ഈ പദ്ധതി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ.എൻ.കെ. പ്രേമചന്ദ്രൻ): ചുള്ളിയാർ ഡാമിൽ ആവശ്യമായ ജലം ലഭിക്കാതെ വന്ന സാഹചര്യത്തിലാണ് ഗായത്രി പ്രോജക്ടിന്റെ കീഴിൽ വരുന്ന 3500 ആയക്കെട്ട് ഏരിയ പ്രദേശത്തെ വരൾച്ച പരിഹരിക്കുന്നതിനുവേണ്ടി പലകപ്പാണ്ടി ജലസേചന പദ്ധതി പ്ളാൻ ചെയ്തിട്ടുള്ളത്. 13-4-2004-ൽ ഭരണാനുമതി ലഭിച്ച ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഇതിന്റെ മൊത്തം ചെലവ് 10.35 കോടി രൂപയാണ്. നബാർഡ് 9.35 കോടി രൂപ ഇതിനകം അനുവദിച്ചിട്ടുണ്ട്. 4 ഘട്ടങ്ങളിലായി ഫാസ്റ്റ് ട്രാക്കിലുൾപ്പെടുത്തിയാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. അതിൽ 3 ഘട്ടങ്ങളുടെ നിർമ്മാണം പകുതിയിലധികം പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. നാലാമത്തെ

ഘട്ടത്തിന്റെ നിർമ്മാണപ്രവർത്തനം നടത്തേണ്ടത് ഉയർന്ന പ്രദേശത്ത് ആയതുകൊണ്ട് അതിനാവശ്യമായ റോഡ് നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ പേരിലാണ് കാലതാമസമുണ്ടായത്. അത് അടിയന്തിരമായി പൂർത്തിയാക്കി 2007 മാർച്ച് മാസത്തോടുകൂടി ആ പദ്ധതി കമ്മീഷൻ ചെയ്യാനാവശ്യമായ നിലയിൽ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്.

(11) <u>കുന്നംകുളം താലൂക്ക് രൂപീകരണം</u>

<u>ശ്രീ. ബാബു എം. പാലിശ്ശേരി</u>: 2001-ലെ നായനാർ ഗവൺമെന്റ് പ്രഖ്യാപിച്ചതും അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന വാണിജ്യനഗരവുമായ കുന്നംകുളം ഒരു താലൂക്കായി രൂപീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം.

റവന്യൂവകുപ്പുമന്ത്രി (<u>ശ്രീ.കെ.പി.രാജേന്ദ്രൻ</u>) വിശദമായ പഠനത്തിന്റെയും കമ്മീഷൻ റിപ്പോർട്ടുകളുടേയും അടിസ്ഥാനത്തിലാണ് കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് 16 പുതിയ താലൂക്കുകൾ രൂപീകരിക്കാൻ തീരുമാനിച്ചത്. എന്നാൽ അടുത്തുവന്ന ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് ഇക്കാര്യത്തിൽ ഒരു നടപടിയും സ്വീകരിക്കുകയുണ്ടായില്ല. ഇതിനായി ഒട്ടേറെ വികസന സമിതികൾ പ്രമേയം സമർപ്പിച്ചിട്ടുണ്ട്, പഞ്ചായത്തുകൾ റെസല്യൂഷൻ പാസ്സാക്കി അയച്ചിട്ടുണ്ട്. ഇതെല്ലാം പരിഗണിച്ച് താലൂക്ക് പുന:സംഘടന സർക്കാർ പരിശോധിച്ചുവരികയാണ്. ചർച്ചകൾ പൂർത്തിയാക്കുന്ന മുറയ്ക്ക് പുതിയ താലൂക്കുകളുടെ രൂപീകരണം സംബന്ധിച്ച് ഉചിതമായി തീരുമാനം സർക്കാർ എടുക്കും. തൃശ്ശൂർ ജില്ലയിൽ തലപ്പള്ളി താലൂക്കും തൃശ്ശൂർ താലൂക്കും വിഭജിച്ച് കുന്നംകുളം കേന്ദ്രീ

കരിച്ചുകൊണ്ട് പുതിയ താലൂക്ക് രൂപീകരിക്കണമെന്ന ആവശ്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

### (12) വെല്ലിംഗ്ടൺ ഐലന്റിലെ വാത്തുരുത്തിയിൽ നിർമ്മിച്ചിട്ടുള്ള അനധികൃത ഇന്ധന ടാങ്ക്.

ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്: കൊച്ചി വെല്ലിംഗ്ടൺ ഐലന്റിൽ യാതൊരു സുരക്ഷയും നോക്കാതെ നിർമ്മിച്ച ഏതാനും ഇന്ധന ടാങ്കുകൾ അതിന്റെ പരീക്ഷണഘട്ടത്തിൽത്തന്നെ പൊട്ടിപ്പോയി. യാതൊരു സുരക്ഷയും നോക്കാതെയാണ് ഇത്തരം ടാങ്കുകൾ നിർമ്മിക്കാൻ അധികൃതർ അനുവാദം നൽകിയത്. ആ ടാങ്കുകൾ എത്രയും പെട്ടെന്ന് പൊളിച്ചു നീക്കാനുള്ള നടപടി സ്വീകരിക്കുകയും ഇതിന് അനുവാദം നൽകിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുകയും വേണം.

തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ.പാലൊളി മുഹമ്മദ് കുട്ടി) കൊച്ചി നഗരസഭാ പരിധിയിൽപ്പെട്ട വെല്ലിംഗ്ടൺ ഐലന്റിൽ കൊച്ചി പോർട്ട് ട്രസ്റ്റിൽ നിന്നും ലീസിനെടുത്ത ഭൂമിയിലാണ് വിവിധ സ്വകാര്യ കമ്പനികൾ ഇന്ധന ടാങ്കുകൾ നിർമ്മിച്ചത്. ഇതിന് കൊച്ചി നഗരസഭയുടെ അനുമതി വാങ്ങിയിട്ടില്ല. നേരത്തെ അപകടം സംഭവിച്ചതു കൊണ്ട് ഇങ്ങനെയുള്ള ടാങ്ക് സ്ഥാപിക്കാനുള്ള നടപടിയുമായി മുന്നോട്ടു പോകുന്നത് വിലക്കിയിട്ടുണ്ട്. പി.സി.ബി, ചീഫ് കൺട്രോളർ ഓഫ് എക്സ്പ്ളോസീവ്സ്, ഫാക്ടറീസ് ആന്റ് ബോയ്ലേഴ്സ് ഡയറക്ടർ, എറണാകുളം ജില്ലാ കളക്ടർ എന്നീ അധികാരികളിൽ നിന്നും എൻ.ഒ.സി. ലഭിച്ചശേഷമേ ടാങ്കുകൾ പ്രവർത്തിപ്പിക്കാൻ പാടുള്ളുവെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

## (12) എൻഡോസൾഫാൻ കീടനാശിനിയുടെ ഉപയോഗം

ശ്രീ.സി.എച്ച്.കുഞ്ഞമ്പു: കാസർഗോഡ് ജില്ലയിലെ ഗവൺമെന്റ് കശുമാവ് തോട്ടങ്ങളിൽ കഴിഞ്ഞ കുറെക്കാലങ്ങളായി എൻഡോസൾഫാൻ തളിച്ചതിന്റെ ഫലമായി രോഗബാധിതരായ നിരവധി ആളുകൾക്ക് യാതൊരു സഹായവും കൊടുക്കുന്നില്ല. ഇങ്ങനെ രോഗം ബാധിച്ച് എത്രപേർ മരിച്ചുവെന്ന് അന്വേഷിക്കണം. രോഗബാധിതരുടെ കുടുംബത്തിന് ആവശ്യമായ ചികിത്സാ സഹായവും സാമ്പത്തിക സഹായവും നൽകുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനും അവരുടെ കുട്ടികളെ പഠിപ്പിക്കാൻ വേണ്ടി സ്പെഷ്യൽ സ്കൂളുകൾ തുടങ്ങുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ.ശ്രീമതി ടീച്ചർ): കാസർഗോഡ് ജില്ലയിൽ പ്രസ്തുത പ്രദേശത്തു നടത്തിയ മെഡിക്കൽ ക്യാമ്പിൽ 5602 പേർ ചികിത്സയ്ക്കായി വന്നിട്ടുണ്ടായിരുന്നു പരിശോധനയിൽ 446 പേർക്ക് അംഗവൈകല്യമുള്ളതായി കണ്ടെത്തിയിട്ടുണ്ട്. 922 പേർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റും ഹെൽത്ത് കാർഡുകളും നൽകി. 23-2-06-ൽ വകുപ്പുമന്ത്രി വിളിച്ചുചേർത്ത ഉന്നതതല യോഗത്തിൽ ദുരിതം അനുഭവിക്കുന്ന രോഗികൾക്ക് സൗജന്യ ചികിത്സാ സൗകര്യം നൽകുന്നതിന് ഒരു കുടുംബത്തിന് 5000 രൂപ വരെ നൽകാനും സൗജന്യ യാത്രാസൗകര്യം നൽകാനും തീരുമാനിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 5 ലക്ഷം രൂപ മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനത്തിലും 2 ലക്ഷം രൂപ രോഗികളുടെ യാത്രാസൗകര്യത്തിനുമായി കാസർഗോഡ് ജില്ലാ മെഡിക്കൽ ആഫീസർക്ക് അനുവദിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. രോഗബാധിതർ കൂടുതലുള്ള പ്രദേശത്തെ ആശുപത്രികളിലെ സൗകര്യം വർദ്ധിപ്പിക്കാനും ആവശ്യമായ സ്റ്റാഫിനെ നിയമിക്കാനുമുള്ള പദ്ധതി ഗവൺമെന്റിന്റെ മുമ്പിലുണ്ട്.

"പ്രോജക്ട് സ്വർഗ്ഗ" എന്ന ഒരു പദ്ധതി പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. അംഗവൈകല്യമുള്ള കുട്ടികളെ പഠിപ്പിക്കാനും രോഗബാധിതരെ പുനരധിവസിപ്പിക്കാനും ബൃഹത്തായ ഒരു പദ്ധതി കാസർഗോഡ് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയത് ഗവൺമെന്റിന്റെ മുമ്പിലുണ്ട്. അവരുടെ ആരോഗ്യ പരിരക്ഷയ്ക്കാവശ്യമായ പദ്ധതികൾ ആരോഗ്യവകുപ്പും സാമൂഹ്യക്ഷേമവകുപ്പും സംയുക്തമായി നടപ്പിലാക്കാനുള്ള നിർദ്ദേശമാണ് ഇപ്പോഴുള്ളത്. അംഗവൈകല്യം സംഭവിച്ചവർക്കായി ഒരു ഫിസിയോതെറാപ്പി സെന്റർ കാസർഗോഡ് സ്ഥാപിക്കാനും നിർദ്ദേശമുണ്ട്.

(13) പാർവ്വതി പുത്തനാറിന്റെയും സ്വീവേജ് ഫാമിന്റെയും ശോച്യാവസ്ഥ.

ശ്രീ. വി.സുരേന്ദ്രൻപിള്ള: പാർവ്വതി പുത്തനാർ മലീമസമായ അഴുക്കുചാലായി മാറിയിരിക്കുകയാണ്. അതുപോലെ സ്വീവേജ് ഫാമിന്റെ സ്ഥിതിയും വളരെ ശോചനീയമാണ്. സ്വീവേജ് ഫാം പുനരുദ്ധരിക്കാനും പാർവ്വതീ പുത്തനാറിന്റെ ശോച്യാവസ്ഥക്ക് പരിഹാരമുണ്ടാക്കാനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ) :പാർവ്വതി പുത്തനാറിന്റെ മലിനീകരണം പരിഹരിക്കുന്നതിന് 70 ദശലക്ഷം ശേഷിയുള്ള നവീകരണ സംസ്കരണശാലയും നിലവിലുള്ള സ്വീവേജ് ഫാമിന്റെ പുനരുദ്ധാരണത്തിന് 35 കോടി രൂപ ചെലവ് വരുന്ന പദ്ധതിയും തയ്യാറാക്കി നഗരവികസന പദ്ധതിയിലുൾപ്പെടുത്തി സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതികൾ നടപ്പിലാകുന്നതോടുകൂടി ഒരു പരിധിവരെ ഇന്നത്തെ ശോച്യാവസ്ഥക്ക് പരിഹാരം കാണാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതുസംബന്ധിച്ച് ബന്ധപ്പെട്ട

വകുപ്പുദ്യോഗസ്ഥരുടേയും ജനപ്രതിനിധികളുടേയും അടിയന്തിര യോഗം വിളിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

## III. നിയമനിർമ്മാണകാര്യം

2006-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും പ്രവേശനം നിയന്ത്രിക്കലും ചൂഷണരഹിത ഫീസ് നിശ്ചയിക്കലും പ്രൊഫഷണൽ വിദ്യാഭ്യാസത്തിൽ നീതിയും മികവും ഉറപ്പുവരുത്തുന്നതിനുള്ള മറ്റ് നടപടികളും) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ.എം.എ. ബേബി) 2006-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും പ്രവേശനം നിയന്ത്രിക്കലും ചൂഷണരഹിത ഫീസ് നിശ്ചയിക്കലും പ്രൊഫഷണൽ വിദ്യാഭ്യാസത്തിൽ നീതിയും മികവും ഉറപ്പു വരുത്തുന്നതിനുള്ള മറ്റ് നടപടികളും) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ്: ഈ ബില്ലിനെ ഞാൻ എതിർക്കുന്നു. ബില്ലിലെ പ്രീയാംബിളിൽ പറയുന്നത് ആർട്ടിക്കിൾ 15(5)-ന്റെ അടിസ്ഥാനത്തിലാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത് എന്നാണ്. റിലീജിയസ് മൈനോറിറ്റിയും ലിംഗ്വിസ്റ്റിക് മൈനോറിറ്റിയും ആരെല്ലാമെന്ന് കോൺസ്റ്റിറ്റ്യൂഷനിൽ വ്യക്തമാക്കിയിട്ടില്ല. കേരളാ ഗവൺമെന്റിന്റെ പഴയ വിദ്യാഭ്യാസ ബിൽ സുപ്രിം കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടപ്പോഴാണ് ഇൻഡ്യാ രാജ്യത്ത് റിലീജിയസ് മൈനോറിറ്റിയും ലിംഗ്വിസ്റ്റിക് മൈനോറിറ്റിയും തീരുമാനിക്കപ്പെട്ടത്. അതുകൊണ്ട് ഇത് ഭരണഘടനയിലെ 93-ാമത്തെ ഭേദഗതിക്ക് വിരുദ്ധമായിട്ടുള്ള ഒരു നിയമനിർമ്മാണമാണ്.

ഈ നിയമം ഇവിടെ പാസ്സാക്കിയാൽ സംസ്ഥാനത്തെ ബഹുഭൂരിപക്ഷം വരുന്ന കോളേജുകൾക്കും ഇത് ബാധകമാകില്ല. 93–ാമത്തെ അമെന്റുമെന്റ്പ്രകാരം മുസ്ലീങ്ങളും ക്രിസ്ത്യാനികളും മെനോറിറ്റിയാണ്. ഈ ബിൽ ബാധകമാകാൻ പോകുന്നത് ഹിന്ദുക്കൾക്ക് മാത്രമാണ്. ആകെ 9 സ്വാശ്രയ മെഡിക്കൽ കോളേജുകളുള്ളതിൽ ഡീംഡ് യൂണിവേഴ്സിറ്റിയായ ഒരെണ്ണമൊഴിച്ച് ബാക്കിയുള്ള എട്ടെണ്ണത്തിൽ ഒരെണ്ണം മാത്രമാണ് ഹിന്ദുക്കൾക്ക് ഉള്ളത്. ഈ ബില്ലിലെ ക്ലാസ് (9) ബാധകമാകുന്നത് മൈനോറിറ്റി എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ് ഒഴിച്ച് ബാക്കി യുള്ളവയ്ക്കാണ്. ഇവിടെ ഷെഡ്യൂൾഡ് കാസ്റ്റ് / ഷെഡ്യൂൾഡ് ട്രൈബ്സ്/ വീക്കർ സെക്ഷൻ എന്നിവർക്കുവേണ്ടിയുള്ള റിസർവേഷനും ഇവർക്ക് ബാധ കമാകുന്നില്ല.. രണ്ട് പ്രൊഫഷണൽ കോളേജുകൾക്ക് തുല്യമാണ് ഒരു ഗവൺമെന്റ് കോളേജ് എന്നതായിരുന്നു ശ്രീ. എ.കെ.ആന്റണി അവതരിപ്പിച്ച ബില്ലിലെ ഉദ്ദേശം. ഈ ബില്ലിൽ ഗവൺമെന്റ് ഫീസിനെക്കുറിച്ച് പറഞ്ഞി ട്ടില്ല. മാനേജുമെന്റുകൾക്ക് ഇഷ്ടാനുസരണം ഓരോ ഇൻസ്റ്റിറ്റ്യൂഷനിലും ഫീസ് പിരിക്കാനുള്ള അവസരമുണ്ടാക്കിക്കൊടുക്കുകയാണ് ചെയ്തിട്ടുള്ളത്. സെൻട്രൽ ആക്ടിന് വിരുദ്ധമായി സ്റ്റേറ്റ് ലെജിസ്ലേച്ചർ ഒരു നിയമം പാസ്സാക്കി കഴിഞ്ഞാൽ ആർട്ടിക്കിൾ 251 അനുസരിച്ച് പാർലമെന്റ് പാസ്സാ ക്കിയ നിയമമേ നിലനിൽക്കു; സ്റ്റേറ്റ് ലെജിസ്ലേച്ചർ പാസ്സാക്കിയ നിയമം നില നിൽക്കുകയില്ല. 2006–ലെ ദി നാഷണൽ കമ്മീഷൻ ഫോർ മൈനോറിറ്റി എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ (അമെന്റ്മെന്റ്) ആക്ടിലെ 12(ബി) വകുപ്പ് അനുസരിച്ച് മൈനോറിറ്റി ആരാണെന്നു തീരുമാനിക്കാനുള്ള അവ കാശമുണ്ട്. ജസ്റ്റിസ് കെ.ടി.തോമസ് ശുപാർശ ചെയ്ത ഫീസ് 1,13,000 രൂപ യാണ്. ഇവിടെ ഓരോ സ്ഥാപനത്തിനും വ്യത്യസ്ത ഫീസാണ്. അവരുടെ

മുതൽമുടക്ക് അനുസരിച്ച് കെ.ടി. തോമസ് കമ്മീഷന്റെ ഫീസിനേക്കാൾ കൂടുതൽ വരും. സ്വകാര്യ മാനേജുമെന്റിനെ കടിഞ്ഞാണിടുന്നതിനു പകരം കൂടുതൽ ഫീസ് പിരിക്കുവാനുള്ള അവസരം കൊടുക്കുന്ന ഒരു ബില്ലായി ഇത് മാറിയിരിക്കുന്നു ഏതെങ്കിലും ക്ലാസ്സിൽ ഫിനാൻഷ്യൽ എക്സ്പെന്റിച്ചർ വരുന്നുണ്ടെങ്കിൽ അതെല്ലാം വ്യക്തമായി ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ പറയണം. ഹയർ എഡ്യുക്കേഷൻ സ്ക്കോളർഷിപ്പ് ഫണ്ടിലേയ്ക്ക് വരുന്ന ഗവൺമെന്റ് കോൺട്രിബ്യൂഷനുവേണ്ടി ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ തുക മാറ്റിവച്ചിട്ടില്ല. ഈ ഫണ്ട് മാനേജ് ചെയ്യാൻ ഒരു ക്ലാസ് എഴുതി ച്ചേർക്കണം. ബില്ലിൽ നോട്ട്സ് ആന്റ് ക്ളാസസ് അത്യാവശ്യമാണ്. സ്വകാര്യ മാനേജുമെന്റിനെ സഹായിക്കുവാൻ വേണ്ടി കൊണ്ടുവന്ന ഒരു ബില്ലാണിത്.

<u>ശ്രീ.കെ.എം.മാണി</u>: ക്ലാസ് 71-ലെ പ്രൊവൈസോ അനുസരിച്ചാണ് ഒബ്ജക്ഷൻ കൊടുത്തിരിക്കുന്നത്. സാമൂഹ്യനീതി ഉറപ്പുവരുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു നിയമനിർമ്മാണമാണ് ഇവിടെ നടക്കുന്നത്. എസ്.സി/എസ്.ടി, സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നോക്കം നില്ക്കുന്നവർ, സാമ്പത്തികശേഷി കുറഞ്ഞവർ, അംഗവൈകല്യം ഉള്ളവർ എന്നീ വിഭാഗങ്ങൾക്ക് കോളേജ് പ്രവേശനം സംബന്ധിച്ചും ഫീസ് സംബന്ധിച്ചും പ്രത്യേക പരിഗണന കൊടുക്കുന്നതിനുള്ള ഒരു ബില്ലാണിത്. ഡയറക്ടീവ് പ്രിൻസിപ്പിൾസ് അനുസരിച്ചുള്ള ഒരു നിയമനിർമ്മാണമാണ് ഉദ്ദേശിക്കുന്നതെങ്കിൽ ഭരണഘടനയിലെ 31(സി) അനുസരിച്ചായിരിക്കണം ബിൽ ഇവിടെ അവതരിപ്പിക്കേണ്ടതും ഡ്രാഫ്റ്റ് ചെയ്യേണ്ടതും. നോൺ മൈനോറിറ്റി വിഭാഗത്തെ മാത്രം ബാധിക്കുന്ന 93-ാം ഭരണഘടനാ ഭേദഗതിയുടെ ചുവടുപിടിച്ചാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. ഈ

ബില്ലിന്റെ ആമുഖത്തിൽ പറഞ്ഞിരിക്കുന്നത് ഇത് ഡയറക്ടീവ് പ്രിൻസിപ്പിൾസ് ഓഫ് സ്റ്റേറ്റ് പോളിസി അനുസരിച്ചുള്ള ഒരു നിയമനിർമ്മാണമാണെന്നാണ്. മൈനോറിറ്റി വിഭാഗങ്ങൾക്കും സാമ്പത്തിക മായി പിന്നോക്കംനിൽക്കുന്നവർക്കുംവേണ്ടി നടത്തുന്ന ഈ നിയമനിർമ്മാണ ത്തിന് ഭരണഘടനയുടെ ആർട്ടിക്കിൾ 14, 19 അനുസരിച്ചുള്ള പരിരക്ഷ വേണം. മൈനോറിറ്റി വിഭാഗങ്ങൾക്കും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും പരിരക്ഷ കിട്ടണമെങ്കിൽ ഡയറക്ടീവ് പ്രിൻസിപ്പിൾസ് ഓഫ് സ്റ്റേറ്റ് പോളിസിയിൽ പറയുന്ന കാര്യങ്ങൾ എസ്റ്റാബ്ലിഷ് ചെയ്യുന്നതിനുവേണ്ടിയാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത് എന്നുള്ള ഒരു ഡിക്ലറേഷൻ ഇതിൽ എഴുതിച്ചേർക്കണം. 93–ാം ഭരണഘടനാ ഭേദഗതികൊണ്ട് ഒരു ഭാഗത്തുമാത്രമേ പരിരക്ഷ കിട്ടുകയുള്ളു. 3–8–1972 മുതൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ ഗൈഡ്ലൈൻ നിലവിലുണ്ട്. ഇൻഡ്യൻ പ്രസിഡന്റിന്റെ അനുമതി ആവശ്യമായ ബില്ലുകൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ അനുമതി നേടിയിരിക്കണം. ഇത് കാലാകാലങ്ങളിൽ നടപ്പിൽ വരുത്തുന്നില്ല എന്നുപറഞ്ഞ് നിയമ വകുപ്പ് എല്ലാ ഡിപ്പാർട്ടുമെന്റുകൾക്കും സർക്കുലർ കൊടുത്തിട്ടുണ്ട്. കേന്ദ്ര ഗവണ്മെന്റിന്റെ അനുമതിയില്ലാതെയും സെക്ഷൻ 31 (സി) എഴുതിച്ചേർക്കാതെയും ഒരു ബിൽ അവതരിപ്പിച്ചാൽ അത് നിലനിൽക്കുകയില്ല. ഏത് അദ്ധ്യയന വർഷത്തിലാണോ നടപ്പിലാക്കുന്നത് അതിന്റെ തലേ വർഷത്തെ അക്കാഡമിക് ഇയറിലെ ഡിസംബർ മാസത്തിൽ ഫീസ് കമ്മിറ്റി ഓരോ കോളേജുകാരേയും വിളിച്ച് ചർച്ച ചെയ്ത് ഫീസ് ഘടനയെക്കുറിച്ച് തീരുമാനിക്കുമെന്നാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ധനകാര്യ മെമ്മോറാണ്ടത്തിലെ ക്ലാസ് 11 (2) അനുസരിച്ച് സർക്കാർ കോൺട്രിബ്യൂഷൻ

എത്രയെന്നും ക്ലാസ് 11 (3) അനുസരിച്ച് അഡ്മിനിസ്ട്രേറ്റർക്ക് നൽകുന്ന ശമ്പളം എത്രയാണെന്നും വ്യവസ്ഥ ചെയ്യണം. കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്ന് ഒരു പൈസയെങ്കിലും ചെലവുചെയ്യുന്ന നിർദ്ദേശങ്ങളുണ്ടെങ്കിൽ ഭരണഘടനയുടെ ആർട്ടിക്കിൾ 207(3) അനുസരിച്ച് ഗവർണ്ണറുടെ ശുപാർശ ഉണ്ടായിരിക്കണം. സ്കോളർഷിപ്പ് ഫണ്ടിനെക്കുറിച്ച് വകുപ്പിൽ പറയുന്ന കാര്യങ്ങൾക്ക് ഗവർണ്ണറുടെ റെക്കമെന്റേഷൻസ് ഇല്ലാത്തതുകൊണ്ട് ആ വകുപ്പിന് ഇവിടെ നിലനിൽപ്പില്ല. ഡെലിഗേറ്റഡ് ലെജിസ്ലേഷനെ സംബന്ധിച്ച് ഇത് ഒരു നോർമൽ ക്യാരക്റ്റർ അല്ല. എക്സസ്സീവ് ഡെലിഗേഷൻ ഓഫ് പവേഴ്സ് കൊടുത്തിരിക്കുന്നത് തെറ്റാണ്. ബിൽ പാസ്സായതിനുശേഷമുള്ള റൂൾസ് പ്രകാരമല്ലാതെ മൈനോറിട്ടിയെ നിശ്ചയിക്കുന്നതിനുള്ള അധികാരം ഗവൺമെന്റിന് കൊടുത്തിരിക്കുകയാണ്. അതുകൊണ്ട് കോൺസ്റ്റിറ്റ്യൂഷണൽ ആയി 31(സി) യുടെ അടിസ്ഥാനത്തിൽ ബിൽ കൊണ്ടുവരണം. ഫിനാൻഷ്യൽ മെമ്മോറാണ്ടം കറക്റ്റ് ചെയ്യണം, ഗവർണ്ണറുടെ റെക്കമെന്റേഷൻ ഇതിന് വാങ്ങണം. ഒബ്ജക്ഷൻസ് കേട്ടതിനുശേഷം നിയമപരമായി റൂൾ ചെയ്യണം.

<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി</u>: ഈ ബിൽ കുറ്റമറ്റതാക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. ഈ ബിൽ പ്രായോഗികമായി നടപ്പിലാക്കാൻ സാദ്ധ്യമല്ല. പാവപ്പെട്ടവർക്ക് ഉന്നതവിദ്യാഭ്യാസം ഒരിക്കലും അന്യമായിക്കൂടാ. ഈ ബിൽ പരാജയപ്പെടാതെ പ്രായോഗികമായി നടപ്പിലാക്കാൻ കഴിയണം. ക്ലാസ് 9 സബ്ക്ലാസ് (4)-ൽ 35% എൻട്രൻസ് എക്സാമിനറുടെ കയ്യിലേയ്ക്ക് കൊടുക്കുന്നത് സംബന്ധിച്ച് ഒരു പരാമർശമുണ്ട്. ഭരണഘടനയിലെ വ്യവസ്ഥകൾക്കെതിരായിട്ടുള്ള ആ വകുപ്പ് കോടതിയിൽ പോയാൽ

റദ്ദാക്കപ്പെടാനാണ് സാദ്ധ്യത. ക്ലാസ് 5 സബ് ക്ലാസ് (3) ക്ലാസ് 6 സബ് ക്ലാസ് (8), ഈ 2 വകുപ്പുകൾക്കും ജൂഡീഷ്യൽ പവർ കൊടുത്തിരിക്കുകയാണ്. നിലനിൽക്കാൻകഴിയാത്ത ഈ ബിൽ വിത്ത്ഡ്രാചെയ്ത് കുറ്റമറ്റ രീതി യിലുള്ള ഒരു ബിൽ കൊണ്ടുവരണം.

ശ്രീ. എം.മുരളി : പന്ത്രണ്ടാം കേരള നിയമസഭയുടെ മുമ്പിൽ വരുന്ന ആദ്യത്തെ ബില്ലായ ഇത് വിവേചനാധികാരമുപയോഗിച്ച് അവതരിപ്പി ക്കേണ്ട ഒന്നല്ല. ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കാവുന്ന ഒരു നിയമമെന്ന നിലയിൽ റൂൾ 76–ലെ പ്രൊവൈസോ അനുസരിച്ച് അവതരിപ്പിക്കുന്നതിന് രണ്ട് ദിവസം മുമ്പ് ബിൽ അംഗങ്ങൾക്ക് സർക്കുലേറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. കെ. ശിവദാസൻ നായർ : ഇപ്പോഴത്തെ ചെലവുകൾക്ക് മാത്രമല്ല ഭാവിയിൽ ഉണ്ടാകേണ്ട കാര്യങ്ങൾക്കുകൂടി ഒരു സർപ്ളസ് ഉണ്ടാകത്തക്കവി ധത്തിൽ എൻ.ആർ.ഐ. സീറ്റിൽ നിന്നും കൂടുതൽ ഫീസ് ഈടാക്കണമെന്ന വ്യവസ്ഥയാണ് ഈ ബില്ലിലുള്ളത്. സുപ്രീംകോടതി ക്രോസ് സബ്സിഡി പാടില്ലായെന്ന് വിധി പ്രഖ്യാപിച്ചിരിക്കെ അതിന് അനുമതി കൊടുത്തു കൊണ്ടുള്ള ബിൽ സാധുവല്ല.

ശ്രീ. കെ. സി. ജോസഫ് : സാമൂഹ്യനീതി ഈ ബില്ലിൽ ഹനിക്കപ്പെടുക യാണ്. 8 മെഡിക്കൽ കോളേജുകളിൽ 7 എണ്ണവും മൈനോറിറ്റി കമ്മ്യൂണിറ്റിയുടേതാണ്. അൻപത് ശതമാനം സീറ്റ് കോളേജ് നടത്തുന്ന കമ്മ്യൂണിറ്റിക്ക് നൽകേണ്ടതും മുപ്പത്തിയഞ്ച് ശതമാനം വരെയുള്ള സീറ്റുകൾ സംവരണ സീറ്റിൽ നിന്നോ ജനറൽ മെറിറ്റ് സീറ്റുകളിൽനിന്നോ നികത്തുന്നതിന് വിട്ടുകൊടുക്കാവുന്നതുമാണ്. ബാക്കി 15 ശതമാനം എൻ.ആർ.ഐ സീറ്റാണ്. അതായത് കേരളത്തിലെ 7 മെഡിക്കൽ കോളേ

ജുകളിലും 100 ശതമാനം സീറ്റ് മൈനോറിറ്റി കമ്മ്യൂണിറ്റിക്കാണ് ലഭിക്കാൻ പോകുന്നത്. ഇനാംദാർ കേസിൽ മൈനോറിറ്റി സീറ്റിൽ വേണമെങ്കിൽ നോൺ മൈനോറിറ്റി കാറ്റഗറിയിലെ കുട്ടികൾക്ക് അഡ്മിഷൻ കൊടുക്കാമെന്ന് പറയുന്നുണ്ടെങ്കിലും ഈ ഗവണ്മെന്റ് അങ്ങനെ ചെയ്യാൻ പാടില്ലെന്നാണ് പറയുന്നത്. അങ്ങനെ വരുമ്പോൾ മൈനോറിറ്റി വിഭാഗത്തിൽപ്പെട്ട താഴ്ന്ന റാങ്കിലുള്ള കുട്ടികൾക്കുവരെ അഡ്മിഷൻ കിട്ടുന്ന സ്ഥിതിയുണ്ടാകും. കേരളത്തിലെ നാലഞ്ചു കോളേജുകൾ മൈനോറിറ്റി സ്റ്റാറ്റസ് വാങ്ങുകയും ബാക്കി മൈനോറിറ്റി കോളേജുകൾ കമ്മീഷന്റെ അംഗീകാരം വാങ്ങുകയും ചെയ്താൽ ഗവണ്മെന്റ് പാസ്സാക്കുന്ന നിയമം കടലാസ്സിലൊതുങ്ങുന്നതു മാത്രമായിരിക്കും. കേരളത്തിലെ വിദ്യാഭ്യാസരംഗത്ത് പ്രതിസന്ധി നിലനിൽക്കുകയാണ്. അതുകൊണ്ട് സംഘർഷമുണ്ടാകാത്ത വിധത്തിൽ കുറ്റമറ്റതും സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതുമായ ഒരു നിയമമായിരിക്കണം ഇവിടെ പാസ്സാക്കേണ്ടത്. 50 ശതമാനം സീറ്റ് മെറിറ്റ് ക്വാട്ടായിലും അതിന് സർക്കാർ കോളേജിലെ ഫീസുമായിരിക്കണം. ഇത് എല്ലാ വിഭാഗത്തിനും നീതി ലഭിക്കുന്ന വിധത്തിലുള്ള നിയമമായിരിക്കണം. ഇനാംദാർ കേസിൽ ആറുമാസം മുമ്പ് ഫീസ് സ്ട്രക്ച്ചർ സംബന്ധിച്ച നടപടി ആരംഭിക്കണമെന്നാണ് പറഞ്ഞിരിക്കുന്നതെങ്കിലും ഇവിടെ അത് ആരംഭിക്കാൻ പോകുന്നതേയുള്ളൂ.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം.എ.ബേബി)</u> : ഇനാംദാർ വെഴ്സസ് മഹാരാഷ്ട്ര കേസിന്റെ വിധിയിൽ സ്വാശ്രയ കോളേജുകളിലെ ഫീസ് ഘടന ആറുമാസം മുമ്പ് നിശ്ചയിക്കണമെന്ന് പറഞ്ഞിരിക്കുന്നത് ശരിയാണ്. പക്ഷെ ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നിട്ട് ഒരു മാസമേ ആയിട്ടുള്ളൂ എന്നതിനാൽ അതിനു കഴിയാത്ത

സാഹചര്യമാണുള്ളത്. സ്വകാര്യ പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് കേരളം ചെന്നുപെട്ടിരിക്കുന്ന സങ്കീർണ്ണമായ ഇത്തരം അവസ്ഥയ്ക്ക് യു.ഡി.എഫ്. വഹിച്ച പങ്ക് എന്തായിരുന്നുവെന്നുള്ളത് നാം ആലോചിക്കണം. സാമൂഹികമായും വിദ്യാഭ്യാസപരമായും ബുദ്ധിമുട്ടനുഭവിക്കുന്നവരെ വിദ്യാഭ്യാസരംഗത്ത് സഹായിക്കാൻ സംസ്ഥാന ഗവണ്മെന്റുകൾക്ക് നടപടികൾ സ്വീകരിക്കാനുള്ള അവകാശം ഉറപ്പുവരുത്തുന്നതാണ് 93–ാം ഭരണ ഘടനാ ഭേദഗതി. അവിടെ ന്യൂനപക്ഷങ്ങളൊഴികെയുള്ളവർക്ക് എന്നാണ് പറഞ്ഞിരിക്കുന്നത്. ഈ ബില്ലിന്റെ ഉള്ളടക്കത്തിൽ ഒരു ഭാഗത്തു മാത്രമേ ഭരണഘടനയുടെ 93–ാം ഭേദഗതിയിലെ വ്യവസ്ഥകൾ സ്വീകരിച്ചിട്ടുള്ളൂ. സുപ്രീംകോടതി വിധികൾ സംസ്ഥാന ഗവണ്മെന്റുകൾക്ക് നിയമനിർമ്മാണം നടത്താനുള്ള സാഹചര്യം സൃഷ്ടിച്ചിട്ടുണ്ട്. ഭരണഘടനാ ഭേദഗതിയുടെയും സുപ്രീം കോടതി വിധിയുടേയും പരിധിക്കുള്ളിൽനിന്നുകൊണ്ട് നിയമപരമായി കോടതിയിൽ ചോദ്യം ചെയ്യപ്പെടാത്ത ഒരു നിയമം തയ്യാറാക്കാനാണ് ഗവണ്മെന്റ് ശ്രമിക്കുന്നത്. പോരായ്മകളുണ്ടെങ്കിൽ ചർച്ചയിലൂടെ പരിഹരിച്ച് കുറ്റമറ്റരീതിയിലുള്ള ഒരു നിയമം പാസ്സാക്കാം. ഇനാംദാർ കേസിൽ ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കുറിച്ചും അവയുടെ ഉത്തരവാദിത്വങ്ങളെക്കുറിച്ചും പറയുന്നതും മൈനോറിറ്റി വിദ്യാഭ്യാസ സ്ഥാപനങ്ങളനുഭവിക്കുന്ന സ്വാതന്ത്ര്യങ്ങളെ സംബന്ധിച്ചും സുപ്രീം കോടതി വിധിയിൽ പറയുന്നതും ഉൾക്കൊണ്ടുകൊണ്ടാണ് ഈ ബില്ലിന് രൂപം കൊടുത്തിട്ടുള്ളത്. ധനകാര്യ വകുപ്പിന്റെ പരിശോധനയ്ക്കും അംഗീകാരത്തിനും ശേഷമാണ് ഈ ബിൽ ഇവിടെ അവതരിപ്പിച്ചത്. സ്കോളർഷിപ്പ് ഫണ്ടിനെക്കുറിച്ചും അഡ്മിനിസ്ട്രേറ്ററുടെ ചെലവിനെക്കുറിച്ചും പറയാത്തത് പ്രത്യേക ചെലവുകളൊന്നുമില്ലാതെ കൈകാര്യം ചെയ്യാനുദ്ദേശിക്കുന്നതുകൊണ്ടാണ്. ഫിനാൻഷ്യൽ

മെമ്മോറാണ്ടം സംബന്ധിച്ച് ധനകാര്യ വകുപ്പ് പരിശോധിച്ച ശേഷമാണ് ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത്. ധനകാര്യ വകുപ്പിന്റേയും ബഹുമാനപ്പെട്ട ഗവർണ്ണറുടേയും അംഗീകാരത്തിന്റെ അടിസ്ഥാനത്തിലാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : ധനകാര്യ മെമ്മോറാണ്ടത്തിൽ സാമ്പത്തിക ചെലവുകളെ ക്കുറിച്ച് പറയുന്നുണ്ട്. മുൻ സ്പീക്കറുടെ റൂളിംഗിന്റെ അടിസ്ഥാനത്തിൽ മുന്നോട്ടു പോകും.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ.എ.കെ. ബാലൻ) : 2004–ൽ സമാനമായ ബിൽ അവതരിപ്പിച്ചിട്ടുണ്ട്. ധനകാര്യ മെമ്മോറാണ്ടം സംബന്ധിച്ച് അന്നത്തെ സ്പീക്കറുടെ റൂളിംഗുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ തുടരാം.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻചാണ്ടി) : പ്രതിപക്ഷത്തുനിന്നും ഉന്ന യിച്ച പ്രശ്നങ്ങൾ അതിന്റെ മെറിറ്റിൽ പരിശോധിച്ച് തീരുമാനം എടുക്കണം. പ്രതിപക്ഷത്തിന്റെ നിസ്സഹകരണംകൊണ്ട് ഒരു ദിവസംപോലും ഇത് നീണ്ടു പോകരുതെന്ന് നിർബന്ധമുണ്ട്. അതിൽ മാറ്റമില്ല. പ്രതിപക്ഷം ചൂണ്ടിക്കാ ണിക്കുന്നതുകൂടി പരിശോധിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ.എം.വിജയകുമാർ): പ്രതിപക്ഷനേതാവിന്റെ സദുദ്ദേശത്തോട് യോജിക്കുന്നു. ധനകാര്യ മെമ്മോറാണ്ടത്തിന്റെ കാര്യത്തിലാണ് ഇവിടെ പ്രശ്നം. ഈ നിയമത്തിൽ അത് മാൻഡേറ്ററി അല്ല എന്നത് വളരെ വ്യക്തമാണ്.

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> : ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന ഒരു ക്ളാസ് ഉൾപ്പെടുത്തിക്കൊണ്ട് പാവപ്പെട്ടവർക്ക് ആനുകൂല്യം കൊടുക്കുന്നുവെന്ന ധാരണ പരത്തുകയാണ്. ഇതിന്റെ പിന്നിലെ ഹിഡ്ഡൻ അജണ്ട എന്താണെന്ന് വ്യക്തമാക്കണം. ക്ളാസ് 11-ൽ പറയുന്ന ഫണ്ട് പിൻവലിക്കുവാൻ ഉദ്ദേശമില്ലെന്നുപറഞ്ഞാൽ അത് വ്യക്തമാകും.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> :നിയമനിർമ്മാണം കുറ്റമറ്റതാക്കുന്നതിന് പ്രതിപക്ഷത്തിന്റെ വിമർശനങ്ങൾ ഉൾക്കൊള്ളാൻ ഗവൺമെന്റ് തയ്യാറാണ്.

<u>മി. സ്പീക്കർ</u> : ധനകാര്യ മെമ്മോറാണ്ടത്തിൽ എന്തെങ്കിലും തിരുത്തലുകൾ ആവശ്യമായി വരുകയാണെങ്കിൽ അത് ചെയ്യാൻ ഗവൺമെന്റ് സന്നദ്ധമാണ്.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി<u> (ശ്രീ. എം.എ. ബേബി)</u> : ശ്രീ. ആര്യാടൻ മുഹമ്മദ് ഉന്നയിച്ച മൂന്നാമത്തെ ഒബ്ജക്ഷൻ ബില്ലിന്റെ വകുപ്പുകൾ സംബന്ധിച്ച വിശദീകരണ കുറിപ്പ് വിതരണം ചെയ്തിട്ടില്ലായെന്നാണ്. ഈ ബില്ലിൽ 18 വകുപ്പുകളാണുള്ളത്. 20-ഓ അതിൽ കൂടുതലോ വകുപ്പുകൾ ഉള്ള ബില്ലുകളെ സംബന്ധിച്ചാണ് വിശദീകരണക്കുറിപ്പ് നൽകേണ്ടത്. ശ്രീ. കെ.എം. മാണി ഭരണഘടനാപരമെന്ന നിലയിൽ ചില പ്രശ്നങ്ങൾ ഉന്നയിച്ചു. യഥാർത്ഥത്തിൽ ഈ ബില്ലിൽ ഭരണഘടനയുടെ മൗലിക അവകാശങ്ങളെ ഹനിക്കുന്ന വകുപ്പുകളില്ല. ഇത് സംബന്ധിച്ച് സുപ്രീംകോടതി വിധിയുണ്ട്. മൗലികാവകാശങ്ങളുടെമേൽ യുക്തിസഹമായ കാര്യങ്ങളാകാമെന്ന് ഭരണഘടനയിൽ പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഈ തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ല. ഗവർണ്ണറുടെ അനുമതിയോടുകൂടിത്തന്നെയാണ് ഈ

ബിൽ ഇന്നലെ അംഗങ്ങൾക്ക് വിതരണം ചെയ്തത്. ഡെലിഗേറ്റഡ് ലെജിസ്ലേഷന്റെ പരിധിയിൽ നിന്നുകൊണ്ടുതന്നെയാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. സംസ്ഥാന നിയമസഭ പാസ്സാക്കുന്ന ഈ നിയമത്തിന് പ്രസിഡന്റിന്റെ അംഗീകാരം ആവശ്യമാണ്. പ്രസിഡന്റിന്റെ അംഗീകാരം കിട്ടിയാലേ ഇത് പ്രാബല്യത്തിൽവരൂ. 35 ശതമാനം സീറ്റുകൾ ഏറ്റടുക്കുവാൻ ഗവൺമെന്റ് നിർബന്ധം ചെലുത്തിയിട്ടില്ല. ഗവൺമെന്റിന് 35 ശതമാനം സീറ്റ് സമർപ്പിക്കാതിരിക്കാൻ അവർക്ക് അവകാശമുണ്ട്. ആ സീറ്റുകൾ നികത്തണമെന്ന് മാത്രമേ ഇതിൽ പറയുന്നുള്ളു. ക്വാസി ജുഡീഷ്യൽ അധികാരങ്ങളോടുകൂടിയ റഗുലേറ്ററി കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ ആവശ്യമായ സമയത്ത് റിവ്യൂവിന് വിധേയമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ബില്ലിലെ വ്യവസ്ഥകൾ അനുസരിച്ച് ഫീസ് ഘടന ഈ വർഷംതന്നെ പ്രാബല്യത്തിൽ വരുന്നതാണ്. ഗവൺമെന്റ് നിയന്ത്രണത്തിലുള്ള സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ ഈ വർഷം മുതൽ അത് നടപ്പിലാക്കുമെന്ന് ഉറപ്പുതന്നിട്ടുണ്ട്. മറ്റ് സ്വകാര്യ സ്ഥാപനങ്ങളെ സംബന്ധിച്ച് ഈ ബില്ലിലെ വ്യവസ്ഥകൾ പ്രാവർത്തികമാകും.

<u>മി.സ്പീക്കർ:</u> വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ഉറപ്പിന്റെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ബിൽ അവതരിപ്പിക്കുന്നതിന് അനുമതി നൽകുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം.എ. ബേബി)</u> : 2006–ലെ കേരള പ്രൊഫഷണൽ കോളേജുകൾ (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും പ്രവേശനം നിയന്ത്രിക്കലും ചൂഷണരഹിത ഫീസ് നിശ്ചയിക്കലും പ്രൊഫഷണൽ വിദ്യാഭ്യാസത്തിൽ നീതിയും മികവും

ഉറപ്പുവരുത്തുന്നതിനുള്ള മറ്റ് നടപടികളും) ബിൽ സാമൂഹ്യക്ഷേമം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ.കോടിയേരി ബാലകൃഷ്ണൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി):. ജനങ്ങളുടെ ആഗ്രഹങ്ങൾ സാക്ഷാൽക്കരിക്കാൻ സഹായകരമായ ഒരു നിയമനിർമ്മാണമാണിത്. സാമൂഹിക നീതി ഉറപ്പുവരുത്തിക്കൊണ്ട് വിദ്യാഭ്യാസ രംഗത്തെ മികവിന് സംരക്ഷണം കൊടുക്കുക എന്ന കാഴ്ച്ചപ്പാടാണ് ഈ ബില്ലിലുള്ളത്. രണ്ട് സ്വാശ്രയകോളേജ് ഒരു ഗവണ്മെന്റ് കോളേജിന് തുല്യം എന്ന ആശയം ഉൾപ്പെടുത്തിക്കൊണ്ട് 2004-ൽ ഒരു നിയമനിർമ്മാണം നടത്തുകയുണ്ടായി. കഴിഞ്ഞ ഗവണ്മെന്റിന് ആ ബില്ലിൽ നടപ്പാക്കാൻ കഴിയാതെ പോയ കാര്യങ്ങൾ ആവശ്യമായ മാറ്റങ്ങളോടുകൂടി നടപ്പാക്കാനുള്ള ശ്രമമാണ് ഇപ്പോൾ നടത്തുന്നത്. ഇപ്പോൾ പരിഗണിക്കുന്ന ബില്ലിലെ വ്യവസ്ഥകളനുസരിച്ച് 85% സീറ്റിൽ പൊതുപ്രവേശന പരീക്ഷയിലെ മെറിറ്റടിസ്ഥാനത്തിൽ ഏകജാലക സംവിധാനത്തിലൂടെ പ്രവേശനം നല്കണമെന്നുള്ളതാണ്. കേരളത്തിലെ വിദ്യാഭ്യാസരംഗത്തെ വളർത്തിയെടുക്കുന്നതിൽ സ്വകാര്യ മേഖല വളരെ വലിയ പങ്കുവഹിച്ചിട്ടുണ്ട്. വിദ്യാഭ്യാസ വികസനത്തിന് ഇടതുപക്ഷ ജനാധിപത്യ മുന്നണി എതിരാണെന്നാണ് പ്രതിപക്ഷം പറയുന്നത്. കേരളത്തിലെ തൊഴിലാളികളേയും കർഷകരേയും സംഘടിപ്പിച്ചുകൊണ്ട് അവരുടെ വിദ്യാഭ്യാസ അവകാശം സംരക്ഷിക്കാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി

നടത്തിയ പോരാട്ടം വിദ്യാഭ്യാസ വികസനത്തിന് വലിയ പങ്ക് വഹിച്ചിട്ടുണ്ട്. ലോകത്തിനു തന്നെ മാതൃകയായ നമ്മുടെ വിദ്യാഭ്യാസ മേഖലയെ കച്ചവടക്കണ്ണോടുകൂടി കണ്ടുകൊണ്ട് കടന്നുവന്നവർ ആഗോള വൽക്കരണത്തിന്റെ മൂല്യബോധത്തെ ചൂഷണം ചെയ്യുകയാണ്. 93-ാം ഭരണഘടനാ ഭേദഗതി ഉപയോഗപ്പെടുത്തി വിദ്യാഭ്യാസപരമായും സാമ്പത്തികമായും പിന്നോക്കംനിൽക്കുന്നവർക്കുവേണ്ടി 50% സീറ്റുകൾ മാറ്റിവയ്ക്കുകയാണ്. അതിൽ 10% പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും 25% വിദ്യാഭ്യാസപരമായും സാമൂഹികമായും പിന്നോക്കംനിൽക്കുന്നവർക്കുമാണ്. ഈ വിഭാഗങ്ങളിൽപ്പെട്ട ഏറ്റവും ദരിദ്രർക്കാണ് ഇത് കിട്ടേണ്ടതെന്നുള്ള വ്യവസ്ഥയുമുണ്ടാകും. കൂടാതെ മുന്നോക്കവിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നോക്കംനിൽക്കുന്നവർക്ക് 12% സീറ്റ് നീക്കിവയ്ക്കുകയാണ്. ഡിഫറൻഷ്യലി ഏബിൾഡായിട്ടുള്ള കുട്ടികൾക്ക് മൂന്ന് ശതമാനം സീറ്റും 50% പേർക്ക് ഫ്രീഷിപ് ഏർപ്പെടുത്താനും വ്യവസ്ഥയുണ്ട്. എൻ.ആർ.ഐ-ക്ക് നീക്കിവയ്ക്കുന്ന സീറ്റിൽ നിന്ന് ലഭിക്കുന്ന വരുമാനത്തിന്റെ പങ്കാണ് ഫ്രീഷിപ് ക്രമീകരണത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. സർക്കാർ വിഹിതവും ആക്ട്പ്രകാരം ചുമത്തുന്ന പിഴത്തുകയും വിദേശ മലയാളികളിൽ നിന്ന് സമാഹരിക്കുന്ന തുകയും ഉൾപ്പെടുത്തി ഒരു ഹയർ എഡ്യൂക്കേഷൻ സ്ക്കോളർഷിപ്പ് ഫണ്ട് എന്ന ആശയം ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്വകാര്യകച്ചവട താൽപ്പര്യങ്ങൾ വിദ്യാഭ്യാസ മേഖലയിൽ നുഴഞ്ഞുകയറാൻ നടത്തുന്ന ശ്രമങ്ങൾ തടയാൻ വളരെ ഫലപ്രദമായി നടത്തുന്ന നിയമനിർമ്മാണമാണിത്. ഗവണ്മെന്റുമായും നാടുമായും സഹകരിച്ച് ഈ നിയമനിർമ്മാണത്തിന്റെ ഉത്തമലക്ഷ്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട്

പ്രൊഫഷണൽ മേഖലയിൽ വിദ്യാഭ്യാസം നേടാൻ ആഗ്രഹിക്കുന്ന പിന്നോക്കം നിൽക്കുന്നവർക്ക് സഹായകമാകുന്ന ഈ ബിൽ പാസ്സാക്കാൻ സഹകരിക്കണം. പോരായ്മകളുണ്ടെങ്കിൽ ചൂണ്ടിക്കാണിച്ചാൽ കഴിയുന്നിട ത്തോളം തിരുത്തി പൂർണ്ണത വരുത്തിയെടുക്കാനായി കൂട്ടായി പ്രയത്നിക്കാം.

<u>ശ്രീ. വി.എസ്. സുനിൽകുമാർ</u>: 2006-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും പ്രവേശനം നിയന്ത്രിക്കലും ചൂഷണരഹിത ഫീസ് നിശ്ചയിക്കലും പ്രൊഫഷണൽ വിദ്യാഭ്യാസത്തിൽ നീതിയും മികവും ഉറപ്പുവരുത്തുന്നതിനുള്ള മറ്റ് നടപടികളും) ബിൽ 15-7-2006 വരെ പൊതുജനാഭിപ്രായം ആരായുന്ന തിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരളത്തിലെ ജനങ്ങൾ ആഗ്രഹിക്കുന്ന ഒരു ബില്ലാണിത്. കേരളത്തിലെ ഉന്നത പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്ത് അനിശ്ചിതത്വം നിലനിൽക്കുക യാണ്. കഴിഞ്ഞ അഞ്ച് കൊല്ലമായി ജനങ്ങൾ ഉൽക്കണ്ഠാകുലരാണ്. ഉന്നത പ്രൊഫഷനൽ വിദ്യാഭ്യാസ മേഖലയിൽ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കടന്നുവരവോടെ വിദ്യാഭ്യാസ മേഖലയെ കച്ചവടവൽക്കരിക്കുന്ന സ്ഥിതിവിശേഷമുണ്ടായി. ഇതൊരു മഹത്തായ നിയമമാണ്. ഭരണഘടന നിലവിൽ വന്ന് അഞ്ച് പതിറ്റാണ്ട് കഴിഞ്ഞിട്ടും പ്രൊഫഷണൽ കോളേജ് പ്രവേശനം സംബന്ധി.ച്ചും ഫീസ് നിയന്ത്രിക്കുന്നതിനുമുള്ള നിയമം ഇൻഡ്യയിൽ നടപ്പാക്കാത്തതുകൊണ്ട് സ്വകാര്യ സ്വാശ്രയ കോളേജുകൾ എന്തും ചെയ്യുന്ന സ്ഥിതിവിശേഷമാണുള്ളത്. കേരളത്തിന്റെ പൊതു വിദ്യാഭ്യാസ മേഖലയിൽ വൻ തകർച്ചയാണ് യു.ഡി.എഫ്. ഗവൺമെന്റുണ്ടാക്കിയത്. പ്രാകൃതമായ വിദ്യാഭ്യാസ നയം നടപ്പിലാക്കാനാണ് അവർ ശ്രമിച്ചത്. 50% മെറിറ്റും 50%

മാനേജ്മെന്റും എന്ന നിലയിൽ ഒരു ബിൽ മുൻ ഗവൺമെന്റ് അവതരിപ്പിച്ചു വെങ്കിലും അത് പ്രാവർത്തികമാക്കാൻ കഴിഞ്ഞില്ല. പ്രൊഫഷണൽ വിദ്യാ ഭ്യാസ രംഗത്ത് സ്വാശ്രയ മാനേജുമെന്റുകളെ സഹായിക്കാൻ യു.ഡി.എഫ്. ഗവൺമെന്റും സ്വകാര്യ സ്വാശ്രയ കോളേജ് മാനേജുമെന്റുകളും തമ്മിൽ നടത്തിയ ഗൂഢാലോചനയാണ് ആ മേഖലയിൽ കണ്ടത്. അത് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ തലയിൽ കെട്ടിവയ്ക്കാൻ പറ്റില്ല. വളരെ അവ ധാനതയോടുകൂടി ചർച്ചചെയ്ത് എത്രയുംവേഗം എങ്ങനെ ഏറ്റവും നല്ല നിലയിൽ സാമൂഹ്യനീതി ഉറപ്പുവരുത്താൻ കഴിയുമെന്ന ചിന്തയുടെ അടി സ്ഥാനത്തിൽ, ജനാഭിലാഷത്തിന്റെ അടിസ്ഥാനത്തിലാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. സ്വകാര്യ മാനേജുമെന്റുകളുടെ ഒരു കൺസോർഷ്യം എന്ന പേരിൽ നടത്തുന്ന പ്രവേശന പരീക്ഷയുടെ അടി സ്ഥാനത്തിലാണ് സ്വകാര്യ സ്വാശ്രയ കോളേജുകളിൽ പ്രവേശനം നടത്തി യിരുന്നത്. മിടുക്കരായ കുട്ടികൾക്ക് പണമില്ലെങ്കിൽ പഠിക്കാൻ അവസര മില്ല എന്നുള്ള സാമൂഹ്യ പ്രശ്നം പരിഹരിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ടാണ് ഈ ബിൽ കൊണ്ടുവരുന്നത്. പ്രൊഫഷണൽ മേഖലയിൽ പഠിക്കുന്നവർ ഈ രാജ്യത്തിന്റെ അസ്സറ്റാണ്. അതിനുവേണ്ടി എത്ര പണം ചെലവഴിച്ചാലും അത് രാജ്യത്തിന്റെ അസ്സറ്റായി കാണണം. ക്യാപിറ്റേഷൻ ഫീസ് കൊടുത്ത് എഞ്ചിനീയറിംഗും എം.ബി.ബി.എസും പഠിച്ചിറങ്ങുന്ന കുട്ടികൾക്ക് സമൂഹത്തോട് ഉത്തരവാദിത്വമുണ്ടാകുന്നില്ല. സ്വകാര്യ കോളേജുകളിലെ പ്രവേശനം സംബന്ധിച്ചുള്ള കാര്യങ്ങളെല്ലാം ഇതിൽ വളരെ വിശദമായി പറയുന്നു. സുപ്രീംകോടതി വിധിയനുസരിച്ച് പ്രധാനമായുള്ളത് വിദ്യാർത്ഥി പ്രവേശനം നടത്തുമ്പോൾ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ യെന്ന് പരിശോധിക്കണമെന്നുള്ളതാണ്. ആ അവകാശം യു.ഡി.എഫ്.

ഗവൺമെന്റ് കെ.ടി.തോമസ് കമ്മിഷന് കൊടുത്തിട്ടില്ല. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞു. ഭരണഘടനാപരമായി ന്യൂനപക്ഷങ്ങൾക്ക് നൽകിയ അവകാശങ്ങൾ സംരക്ഷിക്കുന്ന തരത്തിലല്ല അവർ പ്രവർത്തിക്കുന്നത്. അത്തരത്തിലുള്ള സ്ഥാപനങ്ങളെ നിയന്ത്രിക്കുന്ന തിനുള്ള നിർദ്ദേശങ്ങൾ ഈ ബില്ലിലുണ്ട്. രണ്ട് സ്വാശ്രയ കോളേജ് സമം ഒരു ഗവൺമെന്റ് കോളേജ് എന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഇവിടെ കൊണ്ടുവന്ന നിയമം നടപ്പിലാകാതെ വന്നത് ഇച്ഛാശക്തിയുള്ള ഗവൺമെന്റായിരുന്നില്ല കേരളം ഭരിച്ചിരുന്നത് എന്നതുകൊണ്ടാണ്. കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹ രിക്കാൻ ഈ ബിൽ നിയമമാക്കുന്നതിനാവശ്യമായ സഹകരണം പ്രതിപക്ഷ ത്തിന്റെ ഭാഗത്തുനിന്നുണ്ടാകണം.

<u>ശ്രീ. വി.ജെ. തങ്കപ്പൻ:</u> 2006–ലെ കേരള പ്രൊഫഷണൽ കോളേജുകൾ (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും പ്രവേശനം നിയന്ത്രിക്കലും ചൂഷണ രഹിതഫീസ് നിശ്ചയിക്കലും പ്രൊഫഷണൽ വിദ്യാഭ്യാസത്തിൽ നീതിയും മികവും ഉറപ്പുവരുത്തുന്നതിനുള്ള മറ്റ് നടപടികളും) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കഴിഞ്ഞ 5 വർഷക്കാലമായി സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖലയിൽ നിലനിന്നിരുന്ന അഴിമതിയും കച്ചവടവും അവസാനിപ്പിക്കുക എന്ന ലക്ഷ്യ ത്തോടുകൂടി ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ആദ്യമായി അവതരിപ്പിക്കുന്ന ഒരു ബില്ലാണിത്. വൻതുക സംഭാവന നൽകി അന്യസം സ്ഥാനങ്ങളിൽ പോയി പഠിക്കുന്ന കുട്ടികൾക്ക് കേരളത്തിനകത്ത് വിദ്യാ ഭ്യാസം ചെയ്യുന്നതിനുള്ള സൗകര്യം ലഭ്യമാക്കുന്നതിനും ഇവിടെയുള്ള വിദ്യാഭ്യാസ കച്ചവടക്കാർക്ക് ആ പണം ലഭിക്കത്തക്ക രീതിയിലുമുള്ള ഒരു

വിദ്യാഭ്യാസ നയം കേരളത്തിൽ ആദ്യമായി ആവിഷ്ക്കരിച്ച ശ്രീ. എ. കെ . ആന്റണിയുടെ ലക്ഷ്യം വലുതായിരുന്നു. എന്നാൽ കച്ചവടക്കണ്ണോടുകൂടി നടത്തുന്ന വിദ്യാഭ്യാസ മാനേജുമെന്റുകൾ അദ്ദേഹത്തിന്റെ സദുദ്ദേശ്യം ഉൾക്കൊള്ളാൻ തയ്യാറായില്ല. വിദ്യാഭ്യാസ മേഖല സ്വകാര്യ മാനേജുമെന്റുകൾക്ക് ചൂഷണം ചെയ്യാൻ, യാതൊരു മാനദണ്ഡവും പാലിക്കാതെ പ്രവേശനം നൽകാൻ, ക്യാപിറ്റേഷൻ ഫീസ് ഇഷ്ടംപോലെ വാങ്ങി കുട്ടികളെ പഠിപ്പിക്കാൻ ഒക്കെയുള്ള സാഹചര്യം കഴിഞ്ഞ 5 വർഷക്കാലം യു.ഡി.എഫ്. ഗവൺമെന്റ് ഇവിടെ ഒരുക്കിക്കൊടുത്തു. ബി.എഡ്. കേളേജുകളെക്കൂടി ഈ ബില്ലിന്റെ പരിധിയിൽ കൊണ്ടുവരണം. ഫീസ് റഗുലേറ്റ് ചെയ്യുമ്പോൾ ചില മാനദണ്ഡങ്ങൾ പാലിക്കണം. അത് ആർബിട്രറി ആയിക്കൂടാ. ഏകജാലകത്തിലൂടെ സംവരണത്തിന്റെ അടിസ്ഥാനത്തിൽ കുട്ടികൾക്ക് പ്രവേശനം അനുവദിക്കാൻ കഴിഞ്ഞാൽ വിദ്യാഭ്യാസ മേഖല സംശുദ്ധമാകും. ഫീസ് റഗുലേറ്ററി കമ്മിറ്റി പരിശോധിച്ച് നിശ്ചയിക്കപ്പെടുന്ന ഫീസ് കൊടുക്കാൻ വിദ്യാർത്ഥികൾ ബാധ്യസ്ഥരാണ്. ഏറ്റവും കൂടുതൽ അഴിമതി നടക്കുന്ന ഒരു രംഗമാണ് പരീക്ഷാനടത്തിപ്പ്. പ്രത്യേകിച്ച് എഞ്ചിനീയറിംഗ് കോളേജുകളിലുംമറ്റും വൻ പരീക്ഷാ ക്രമക്കേടുകൾ നടക്കുന്നുണ്ട്. എക്സാമിനേഷൻ റഗുലേറ്റ് ചെയ്യുന്നതിന് ഒരു റഗുലേറ്ററി ബോഡികൂടി സബ്ജക്ട് കമ്മിറ്റി സ്റ്റേജിൽ അംഗീകരിക്കണം. പ്രവേശന രംഗത്തും ഫീസ് ഘടനയിലും പരീക്ഷ നടത്തുന്ന കാര്യത്തിലും ഒരു റഗുലേറ്ററി കമ്മിഷൻ അല്ലെങ്കിൽ സൂപ്പർവൈസറി കമ്മിഷൻ ഉണ്ടാകണം. അക്കാഡമിക് മേഖലയിൽ ലഭിക്കുന്ന മാർക്കും എൻട്രൻസ് പരീക്ഷയിൽ ലഭിക്കുന്ന മാർക്കും കൂടി കണക്കിലെടുത്ത് അതിന്റെ അടിസ്ഥാനത്തിൽ അഡ്മിഷൻ നടത്തുന്നതാണ് പ്രായോഗികമായിട്ടുള്ളത്. എൻട്രൻസ്

നടത്തുന്നതുമുതൽ അവസാന പരീക്ഷവരെയുള്ള സകല കാര്യങ്ങളിലും ഗവൺമെന്റിന്റെ പ്രത്യേക സൂപ്പർവിഷനും കൺട്രോളുമുണ്ടാകണം. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളെ വെറും കച്ചവട സ്ഥാപനങ്ങളാക്കി മാറ്റാതെ നൂറുശതമാനവും വിദ്യാഭ്യാസസ്ഥാപനങ്ങളാക്കി മാറ്റുന്നതിനുള്ള ഗവൺമെന്റിന്റെ ശ്രമങ്ങൾക്ക് പ്രതിപക്ഷത്തുനിന്നും പൂർണ്ണ പിന്തുണ യുണ്ടാകണം.

ശ്രീ. ആർ. സെൽവരാജ്: ബില്ലിനെ പിന്താങ്ങുന്നു. ഒരു വിധിന്യായ ത്തിൽ കേന്ദ്രനിയമത്തിന്റെ അഭാവത്തിൽ സ്വാശ്രയ കോളേജുകളിലെ പ്രവേശനത്തിന് നീതിപൂർവ്വകവും സുതാര്യവും ചൂഷണരഹിതവുമായ നിയ മനിർമ്മാണം നടത്തുന്നതിനുള്ള അനുമതി സംസ്ഥാന സർക്കാരിന് ബഹുമാ നപ്പെട്ട സുപ്രീംകോടതി നൽകിയിട്ടുണ്ട്. സാമ്പത്തികമായും സാമൂഹ്യ മായും പിന്നോക്കംനിൽക്കുന്ന വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് അഡ്മിഷൻ ലഭിക്കുന്നത് ഉറപ്പുവരുത്തേണ്ടതും അവർക്ക് സ്കോളർഷിപ്പ് ലഭ്യമാക്കേണ്ടതും സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. വിദ്യാഭ്യാസത്തിന് കൂടുതൽ വികാസമുണ്ടാക്കുക എന്നത് വളരുന്ന സംസ്ഥാനത്തിന് അത്യന്താ പേക്ഷിതമാണ്. ഇതിൽ പ്രൊഫഷണൽ മേഖല വലിയ പങ്കുവഹിക്കുന്നു എന്നതിനാൽ ഈ മേഖലയുടെ വികാസം, വിജ്ഞാനസമ്പത്ത് എന്നിവ സാമൂഹ്യവും സാമ്പത്തികവുമായി മറ്റു പിന്നോക്കവിഭാഗക്കാർക്കുകൂടി ലഭ്യമാക്കേണ്ടത് ഗവൺമെന്റിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. പ്രൈവറ്റ് മാനേ ജുമെന്റുകൾ വിദ്യാഭ്യാസ ചൂഷണം അവസാനിപ്പിക്കാൻ തയ്യാറാകാത്ത പക്ഷം ശക്തമായ നിയമനിർമ്മാണംവഴി സംസ്ഥാന സർക്കാർ ഒരു ചൂഷണ രഹിത വിദ്യാഭ്യാസ മേഖല സൃഷ്ടിച്ചെടുക്കണം. പതിറ്റാണ്ടുകളായി ഉന്നത വിദ്യാഭ്യാസ രംഗത്ത് പിന്നോക്ക വിഭാഗക്കാർക്ക് സംവരണം ലഭിക്കുന്നില്ല

എന്നുള്ളത് സർക്കാർ ഗൗരവമായിട്ടെടുക്കണം. ഉന്നത വിദ്യാഭ്യാസ രംഗത്ത് അടുത്തവർഷം മുതൽ സംവരണം നടപ്പിലാക്കാൻ ഗവൺമെന്റ് നടപടികൾ സ്വീകരിച്ചുവരികയാണ്. 93–ാം ഭരണഘടനാ ഭേദഗതി പ്രകാരം സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽപ്പോലും സംവരണം നടപ്പാക്കാവുന്ന താണ്. അൺ എയ്ഡഡ് മേഖലയെ യു.ഡി.എഫ്.സർക്കാർ പൂർണ്ണമായും വാണിജ്യവൽക്കരിച്ച് വിദ്യാഭ്യാസ കച്ചവടം നടത്തുകയാണ് ചെയ്തത്. അന്യസംസ്ഥാനങ്ങളിലേയ്ക്ക് ക്യാപിറ്റേഷൻ ഫീസ് ഒഴുകുന്നത് തടയുന്ന തിനാണ് സ്വാശ്രയ നയത്തിന് രൂപംകൊടുത്തത്. യു.ഡി.എഫ്. പാസ്സാക്കിയ നിയമമനുസരിച്ച് ക്യാപിറ്റേഷൻ ഫീസ് വാങ്ങാൻ പാടില്ല. എന്നാൽ മാനേജു മെന്റുകൾ ലേലം തുടരുകയാണ് ചെയ്തത്. ഇതിൽ നിന്നെല്ലാം വ്യത്യസ്ത മായ കാഴ്ചപ്പാടോടുകൂടിയ സ്വാശ്രയ നിയമമാണ് എൽ.ഡി.എഫ്. സർക്കാർ നടപ്പിലാക്കാൻ പോകുന്നത്. കേന്ദ്രീകൃത കൗൺസലിംഗ് പ്രവേശനത്തിന് അർദ്ധ ജുഡീഷ്യൽ അധികാരമുള്ള കമ്മിറ്റി, കുറ്റകൃത്യങ്ങൾക്ക് 10 ലക്ഷം രൂപവരെ പിഴയും അംഗീകാരം പിൻവലിക്കുന്നതിനുള്ള അധികാരവും, പ്രവേശന ഫീസ് നിശ്ചയിക്കുന്നതിന് റഗുലേറ്ററി കമ്മിറ്റി തുടങ്ങി വൈവിദ്ധ്യമാർന്ന ഒട്ടനവധി വ്യവസ്ഥകൾ ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ കോഴ്സിനും പ്രത്യേകം ഫീസ് എന്നതും അധിക ഫീസ് ഈടാക്കുകയില്ല എന്നതും സ്വാഗതാർഹമാണ്. ആകെ സീറ്റിൽ 10 ശതമാനം പട്ടികജാതി–പട്ടികവർഗ്ഗക്കാർക്കും 25 ശതമാനം സാമൂഹ്യപരമായും വിദ്യാഭ്യാസപരമായും പിന്നോക്കംനിൽക്കുന്നവർക്കും 3 ശതമാനം വികലാംഗർക്കും 12 ശതമാനം മുന്നോക്കക്കാരിൽ പിന്നോക്കം നിൽക്കുന്നവർക്കും 15 ശതമാനം പ്രവാസി ഭാരതീയർക്കുമായി സംവരണം ചെയ്തിരിക്കുന്നു. ഉന്നത വിദ്യാഭ്യാസ സ്ക്കോളർഷിപ്പ് ഫണ്ട് ഈ ബില്ലിൽ

വിഭാവനം ചെയ്തിരിക്കുന്നു. പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങൾ വരുത്തുന്നതോടൊപ്പം സുതാര്യത, പ്രവേശനത്തിലെ മെറിറ്റ്, ഏകജാലക സമ്പ്രദായം എന്നിവ ഉറപ്പാക്കുന്നതാകയാൽ ഈ ബിൽ മാറ്റത്തിന്റെ നാഴികക്കല്ലായി മാറും.

<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി</u>: ഈ ബില്ലിലെ ഉദ്ദേശലക്ഷ്യങ്ങളോട് പൂർണ്ണമായി യോജിക്കുകയാണ്. ഭരണ-പ്രതിപക്ഷ ഭേദമില്ലാതെ ഒരുമിച്ച് ഈ ബിൽ പാസ്സാക്കണമെന്നതാണ് യു.ഡി.എഫ്.-ന്റെ നിലപാട്. ഉന്നത വിദ്യാഭ്യാസരംഗത്ത് പ്രാപ്യത ഉണ്ടാക്കുവാനും സാമൂഹ്യനീതി ഉറപ്പാക്കുവാനുംവേണ്ടിയാണ് ഇത്തരമൊരു ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. ഉന്നത വിദ്യാഭ്യാസ രംഗത്ത് സൗകര്യങ്ങൾ കുറവായിരുന്നു. +2 കഴിയുന്ന വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം ഉന്നതവിദ്യാഭ്യാസ രംഗത്ത് പഠനം നടത്തുന്നതിന് ആവശ്യമായ സീറ്റുകൾ കേരളത്തിലില്ല എന്നത് മനസ്സിലാക്കി ആ രംഗത്ത് കൂടുതൽ സ്ഥാപനങ്ങൾ ഉണ്ടാകണം എന്ന സദുദ്ദേശത്തോടുകൂടിയാണ് യു.ഡി.എഫ്. ഗവൺമെന്റ് സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ തുടങ്ങാൻ അനുവാദം കൊടുത്തത്. എന്നാൽ ചില മാനേജ്മെന്റുകൾ വഞ്ചിക്കുകയാണ് ചെയ്തത്. ജനാധിപത്യ സമ്പ്രദായത്തിൽ മറ്റുള്ളവരുടെ അഭിപ്രായങ്ങൾക്കും വില കൊടുക്കണം. ഇവിടെ സ്വാശ്രയ സ്ഥാപനങ്ങളും അവയിൽ സാമൂഹ്യനിയന്ത്രണവും വേണം. ഫീസിന്റെ മാനദണ്ഡം സംബന്ധിച്ച് ക്ലാസ്-7-ൽ പ്രതിപാദിച്ചിട്ടുണ്ട്. കെ.ടി. തോമസ് കമ്മീഷന്റെ മുന്നിൽ growth and development of the college എന്ന മാനദണ്ഡമില്ല. സീറ്റിന്റെ കാര്യത്തിൽ ഒ.ബി.സി.ക്ക് 25 ശതമാനവും പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് 10

ശതമാനവും വികലാംഗർക്ക് 3 ശതമാനവും സംവരണം ചെയ്തത് നല്ല കാര്യമാണ്. ഭൂരിപക്ഷം കോളേജുകൾക്കും മൈനോറിറ്റി സ്റ്റാറ്റസ് കൊടുത്തു കഴിഞ്ഞാൽ വളരെ കുറച്ച് കോളേജുകൾ മാത്രമേ ബാക്കിയുണ്ടാകുകയുള്ളൂ.ന്യൂനപക്ഷ കോളേജുകളുടെ കാര്യത്തിൽ 35 ശതമാനം മെറിറ്റ് എങ്ങനെ ചെയ്യണമെന്നുള്ളതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. അതുപോലെ നോൺമൈനോറിറ്റി കോളേജുകളിൽ സംവരണം കഴിഞ്ഞുള്ള ജനറൽ മെറിറ്റ് എന്നുള്ളതല്ലാതെ പ്രവേശനരീതി വ്യക്തമാക്കിയിട്ടില്ല. വളരെ ഗൗരവപൂർവ്വം ആലോചിച്ച് ആവശ്യമായ ഭേദഗതികൾ വരുത്തി ഇതൊരു കുറ്റമറ്റ ബില്ലാക്കി മാറ്റണം.

<u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : ഈ ബിൽ പാസ്സാക്കി സാധാരണക്കാരായ ജനങ്ങളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ സൗകര്യം ലഭ്യമാക്കണം.ഈ ബില്ലിന് സമാനമായി യു.ഡി.എഫ്. കൊണ്ടുവന്ന ബിൽ സ്വാശ്രയ മാനേജ്മെന്റുകളെ സഹായിക്കുന്ന രീതിയിലുള്ളതായിരുന്നു. സാമ്പത്തിക രംഗത്ത് മുന്നോക്കം നിൽക്കുന്നവർക്ക് മാത്രമേ ഉന്നതവിദ്യാഭ്യാസം ലഭ്യമാകു എന്ന അവസ്ഥ സംജാതമാകുകയാണ് ചെയ്തത്. അതിനെ മറികടക്കാൻ ഈ ബില്ലിന് കഴിയും. കോടതി വിധി പ്രകാരമുള്ള ന്യൂനപക്ഷ സ്റ്റാറ്റസുള്ള മാനേജ്മെന്റുകൾക്ക് സംസ്ഥാന സർക്കാരുകളെ വെല്ലുവിളിച്ചുകൊണ്ടുള്ള നിലനിൽപ്പ് അസാദ്ധ്യമാണ്. കുത്തഴിഞ്ഞുകിടക്കുന്ന സ്വാശ്രയ മേഖലയെ നേരെയാക്കാനാണ് ഈ ബില്ലിലൂടെ സർക്കാർ ശ്രമിക്കുന്നത്. സാധാരണക്കാരുടെ വിദ്യാഭ്യാസം എന്ന ബാദ്ധ്യതയിൽനിന്നും ഈ സർക്കാർ പിന്നോക്കം പോകുകയില്ല. സ്വാശ്രയ മാനേജ്മെന്റുകൾ നിയമം ലംഘിക്കുകയാണെങ്കിൽ ശിക്ഷ ലഭ്യമാക്കാനുതകുന്ന രണ്ട് കമ്മിഷനുകളെ നിയമിക്കാനുള്ള വ്യവസ്ഥ ഈ ബില്ലിലുണ്ട്. ബില്ലിൽ പറയുന്ന വ്യവസ്ഥകൾ നടപ്പിലാക്കാൻ പ്രതിപക്ഷവും

സർക്കാരിനെ സഹായിക്കേണ്ടതാണ്. കഴിഞ്ഞ 5 വർഷക്കാലം വിദ്യാർത്ഥികൾ അനുഭവിച്ച ക്രൂരമായ മർദ്ദനത്തിനും രക്ഷകർത്താക്കളുടെ കണ്ണീരിനും പ്രതിഫലമായി കൊണ്ടുവന്നിട്ടുള്ളതാണ് ഈ ബിൽ. അതിനെ പൊളിക്കാൻ നടത്തുന്ന ശ്രമങ്ങളെ അംഗീകരിക്കാൻ പറ്റില്ല. മാനേജ്മെന്റ് നിശ്ചയിച്ച ഫീസ് കൊടുക്കാൻ കഴിയാത്തതിന്റെ പേരിൽ പാവപ്പെട്ട ലക്ഷക്കണക്കിന് വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം മുടങ്ങിയിട്ടുണ്ട്. കുത്തഴിഞ്ഞുകിടക്കുന്ന ഉന്നത വിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്താനും സുതാര്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനും വരുമാനമില്ലാത്തവരും അംഗവൈകല്യമുള്ളവരും പിന്നോക്ക വിഭാഗത്തിൽപ്പെട്ടവരുമായ കുട്ടികളുടെ സംരക്ഷണത്തിനും ഉതകുന്ന ഈ ബിൽ ഏകകണ്ഠമായി പാസ്സാക്കണം.

<u>ശ്രീമതി കെ. കെ. ലതിക</u> : ആയിരക്കണക്കിന് വിദ്യാർത്ഥികളുടെ പഠനം നിന്നുപോയ അവസ്ഥയിൽ അവരോടുള്ള ഈ ഗവൺമെന്റിന്റെ ഉത്ക്കണ്ഠയും ഉത്തരവാദിത്വബോധവും മനസ്സിലാക്കിയതിനാലാണ് ഈ ബിൽ പന്ത്രണ്ടാം കേരള നിയമസഭയുടെ ആദ്യ സമ്മേളനത്തിൽത്തന്നെ അവതരിപ്പിച്ചത്. സഹകരണ മേഖലയിലും സമൂഹത്തോട് ഉത്തരവാദിത്വമുള്ള സാമൂഹ്യ പ്രതിബദ്ധതയുള്ള മേഖലയിലുമായിരുന്നു എൽ.ഡി.എഫ്. സർക്കാർ സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾക്ക് അനുവാദം കൊടുത്തത്. ആ മേഖലയിലുള്ള മാനേജ്മെന്റുകൾക്കെല്ലാം ഈ ഗവണ്മെന്റ് ഒരു ബിൽ പാസ്സാക്കാൻ തുനിഞ്ഞപ്പോൾത്തന്നെ അത് അംഗീകരിക്കാനും നാടിനോടും ജനങ്ങളോടുമുള്ള ഉത്തരവാദിത്വബോധം തെളിയിക്കാനും കഴിഞ്ഞു. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാനും പരിമിതികളെ മറികടക്കാനുള്ള നടപടികളുമാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. വിദ്യാഭ്യാസം ലഭിക്കണമെന്ന് പറഞ്ഞതിന്റെ

പേരിൽ മാത്രം പാവപ്പെട്ട വിദ്യാർത്ഥികളെ ക്രൂരമായി മർദ്ദിക്കുകയാണ് ചെയ്തത്. ഉന്നത വിദ്യാഭ്യാസ മേഖല കച്ചവടവൽക്കരിച്ചതുപോലെ താഴോട്ടുള്ള എല്ലാ രംഗങ്ങളും ആ രൂപത്തിലേയ്ക്ക് മാറുന്ന അവസ്ഥ ഉണ്ടാകുന്നത് മാറ്റി എടുക്കാൻ കഴിയണം. ഉന്നത വിദ്യാഭ്യാസ മേഖലയിൽ മെറിറ്റ് സീറ്റിൽ പണക്കാരുടെ മക്കളും വരേണ്യ വിഭാഗത്തിൽപ്പെട്ടവരും മാത്രമാണ് പഠിച്ചിരുന്നത്. എന്നാൽ 1957-ലെ ഇ.എം.എസ്. ഗവൺമെന്റ് നടപ്പിലാക്കിയ വിദ്യാഭ്യാസ ബില്ലിന്റെ ഭാഗമായി ഈ നാട്ടിലെ സാധാരണക്കാരുടെ കുട്ടികൾക്കും പഠിക്കാനാവശ്യമായ സൗകര്യം ലഭിച്ചു. ഈ ബിൽ അവതരിപ്പിക്കുന്നതോടുകൂടി ഉന്നത വിദ്യാഭ്യാസ മേഖലയിൽ മാത്രമല്ല താഴെത്തട്ടിലും ഇതിന്റെ പ്രതിഫലനങ്ങളുണ്ടാകും. മാനേജ്മെന്റുകൾ അവരുടെ ഇഷ്ടത്തിന് പരീക്ഷ നടത്തി കുട്ടികളെ തെരഞ്ഞെടുക്കുന്ന രീതിക്ക് മാറ്റമുണ്ടാക്കി വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്ന രൂപത്തിലാണ് ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത്.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : ബിൽ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന ഭേദഗതിയെ പിന്താങ്ങുന്നു. വിദ്യാഭ്യാസ മേഖലയിൽ കഴിഞ്ഞ 5 വർഷം നിലനിന്നിരുന്ന സംഘർഷം അവസാനിപ്പിക്കാനും സാമൂഹ്യ നീതി ഉറപ്പുവരുത്താനും ലക്ഷ്യമിട്ടുകൊണ്ടുള്ള ബോധപൂർവമായ നീക്കമാണ് ഈ ഗവൺമെന്റ് നടത്തുന്നത്. മാറിമാറിവന്ന ഗവൺമെന്റുകളുടെ ശ്രമഫലമായി വിദ്യാഭ്യാസ മേഖലയിൽ കേരളം സാർവ്വത്രികമായി മികച്ച നേട്ടം കൈവരിച്ചിട്ടുണ്ട്. അതിന്റെ ഫലമായി ദരിദ്ര ജനവിഭാഗങ്ങൾക്കും പിന്നോക്കംനിന്നിരുന്ന മുസ്ലീം വിഭാഗങ്ങൾക്കും മെച്ചപ്പെട്ട രീതിയിൽ വിദ്യാഭ്യാസ മേഖലയിൽ ഉയർന്ന നിലവാരം കാഴ്ചവയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഭരണകൂടങ്ങളുടേയും കോടതികളുടേയും സ്വാധീനത്താൽ കഴിഞ്ഞ കുറെ വർഷങ്ങളായി

സമ്പന്നർക്ക് മാത്രമുള്ളതാണ് വിദ്യാഭ്യാസം എന്ന കാഴ്ചപ്പാട് ശക്തമായി കടന്നുവന്നുകൊണ്ടിരിക്കുകയാണ്. പരസ്പര വിരുദ്ധമായ കോടതി വിധികൾ പ്രൊഫഷണൽ മേഖലയിൽ വരുന്നത് വിദ്യാർത്ഥികൾക്ക് ആശങ്ക ഉണ്ടാക്കുന്നു. പണം മുടക്കാൻ കഴിവുള്ളവർ വിദ്യാഭ്യാസം നടത്തട്ടെ എന്ന പോളിസി സ്വീകരിച്ചതിന്റെ ഫലമായി സ്വാശ്രയ കോളേജുകൾ നിലവിൽ വരാനുള്ള സാഹചര്യമുണ്ടായി. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് വിദ്യാഭ്യാസം ഒരു വ്യവസായമായി വികസിക്കുകയായിരുന്നു. കച്ചവട രീതിയാണ് മാനേജ്മെന്റുകൾ നടപ്പിലാക്കിയിരുന്നത്. ഗവൺമെന്റിൽ നിക്ഷിപ്തമായ അധികാരങ്ങൾ ഉപയോഗിച്ച് മാനേജുമെന്റുകളെ നിലയ്ക്ക് നിറുത്താമായിരുന്നു. എൽ.ഡി.എഫ്. ഭരിച്ചിരുന്ന കാലത്ത് ഗവൺമെന്റിന്റെ നിയന്ത്രണങ്ങൾക്ക് വിധേയമായി മാത്രമേ മാനേജുമെന്റുകൾക്ക് പ്രവർത്തിക്കാൻ സാധിച്ചിരുന്നുള്ളൂ. യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് ഉണ്ണികൃഷ്ണൻ കേസിലെ വിധി വന്നശേഷം സ്വാശ്രയ കോളേജുകളുടെ കാര്യത്തിൽ ഒരു നിയന്ത്രണം വന്നതിനനുസരിച്ച് നിലവിലുണ്ടായിരുന്ന അനുകൂല സാഹചര്യം ഉപയോഗിച്ച് ഒരു നിയമനിർമ്മാണം നടത്താൻ കഴിഞ്ഞിരുന്നുവെങ്കിൽ പിന്നീട് വന്ന മോശപ്പെട്ട വിധിന്യായങ്ങളെ മറികടന്ന് ഉന്നത വിദ്യാഭ്യാസ മേഖലയിൽ ബഹുദൂരം മുന്നോട്ടുപോകാൻ കഴിയുമായിരുന്നു. ഈ നിയമ നിർമ്മാണത്തിൽ പ്രതിപക്ഷംകൂടി സഹകരിച്ച് നിയമസഭ ഒറ്റക്കെട്ടായി മുന്നോട്ടുപോകുമെങ്കിൽ കേരളത്തിലെ ഒരു മാനേജുമെന്റിനും ഇതിനെ വെല്ലുവിളിക്കാൻ കഴിയില്ല. ഫീസ് ഘടനയിൽ മാറ്റം വരുത്തിയാൽ ശിക്ഷാ നടപടികൾ സ്വീകരിക്കാവുന്നതാണെന്നും എൻട്രൻസ് എക്സാമിനേഷന്റെ പൊതു പ്രവേശനലിസ്റ്റിൽ നിന്ന് മാത്രമേ പ്രവേശനം നടത്താവൂ എന്നും ഇൻസിസ്റ്റ് ചെയ്യാൻ സംസ്ഥാന ഗവൺമെന്റിന് അധികാരമുണ്ടെന്നും ഈ

ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ ബില്ലിലൂടെ പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിൽ ഇപ്പോഴുള്ള സങ്കീർണ്ണ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കുമെന്ന് ഗവൺമെന്റ് ആത്മാർത്ഥമായി വിശ്വസിക്കുന്നു.

<u>ശ്രീ.സി.എഫ്.തോമസ്</u>: എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് സ്വാശ്രയ കോളേജുകൾ അനുവദിച്ചതും യു.ഡി.എഫ്.ന്റെ കാലത്ത് അത് തുടർന്നതും കേരളത്തിലെ കുട്ടികൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസം നടത്താനുള്ള അവസരമില്ല എന്നുള്ള സാമൂഹ്യ യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ടാണ്. ഈ ബിൽ കുറ്റമറ്റതായിരിക്കണം. ബില്ലിലെ വ്യവസ്ഥകൾക്കനുസൃതമായ ചെലവുകൾ നിർവ്വഹിക്കുന്നതിനാവശ്യമായ പണം ധനകാര്യ മെമ്മോറാണ്ടത്തിൽ വകയിരുത്തണം. ഈ ബില്ലിലെ വ്യവസ്ഥ അനുസരിച്ച് ഏറ്റവും കൂടുതൽ ചെലവ് വരുന്നത് സാമൂഹ്യവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന വിഭാഗത്തിലെ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനാണ്. അതിനാവശ്യമായ സർക്കാർ വിഹിതം ധനകാര്യ മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. ബില്ലിൽ പറഞ്ഞിരിക്കുന്നത് ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് ഫണ്ട് രൂപീകരിക്കാവുന്നതാണ് എന്നാണ്. അത് രൂപീകരിക്കുന്നതാണ് എന്ന് മാറ്റണം . വകുപ്പ് 11(2)–ൽ പിഴ തുക ഈടാക്കാമെന്നു പറഞ്ഞിരിക്കുന്നത് കുറ്റകൃത്യങ്ങൾക്ക് പ്രേരണ നൽകുന്നതുപോലെയാണ്. ഈ ബില്ലിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം സഹായകമല്ല. 9–ാം വകുപ്പിലെ ബി,സി, ഡി ഉപവകുപ്പുകളിലെ വ്യവസ്ഥകൾ പ്രകാരം ഗവൺമെന്റ് ഉദ്ദേശിച്ച ഫലം കിട്ടുകയില്ല. ബില്ലിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളിൽ വ്യക്തത വേണം.

<u>ശ്രീ. പി.സി.ജോർജ്:</u> കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ അപേക്ഷ നൽകിയ എല്ലാവർക്കും സ്വാശ്രയ കോളേജൂകൾ അനുവദിച്ച താണ് ഇന്നത്തെ കുഴപ്പങ്ങൾക്ക് കാരണം. കഴിഞ്ഞ 5 വർഷക്കാലം ഇടതുപക്ഷ ജനാധിപത്യമുന്നണി ജനങ്ങളോട് പറഞ്ഞ വാഗ്ദാനങ്ങൾ പൂർണ്ണമായി നിറവേറ്റുന്നതിനുവേണ്ടിയാണ് ഈ ബിൽ കൊണ്ടുവന്നിരിക്കു ന്നത്. ഈ ബിൽ പാസ്സാകാതിരിക്കുന്നതിനുള്ള ഗൂഢാലോചനയാണ് പ്രതി പക്ഷം നടത്തുന്നത്. വിദ്യാഭ്യാസ മേഖലയിൽ എന്തെങ്കിലും സംഭാവന ചെയ്യ ണമെന്ന മനോഭാവത്തോടുകൂടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ന്യൂനപ ക്ഷ പദവി നൽകുന്നതിൽ തെറ്റില്ല കച്ചവട മനോഭാവത്തോടുകൂടി പ്രവർത്തി ക്കുന്ന സ്ഥാപനങ്ങൾക്ക് ന്യൂനപക്ഷപദവി നൽകാൻ പാടില്ല. 6 സ്വാശ്രയ പ്രൊഫഷണൽ കോളേജൂകൾ അവിഹിതമായി ന്യൂനപക്ഷ പദവി നേടിയെടു ത്തതിനെക്കുറിച്ച് പരിശോധിക്കണം. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് സ്വാശ്രയ മാനേജൂമെന്റുമായി ചേർന്ന് ഒത്തുകളിക്കുകയായിരുന്നു. എല്ലാ നിയമസഭാംഗങ്ങളും കക്ഷിഭേദമെന്യേ ഒത്തൊരുമിച്ചുനിന്ന് ഗവൺമെന്റിന്റെ ഇംഗിതം മാനേജുമെന്റുകളെക്കൊണ്ട് നടത്തിക്കാൻ ശ്രമിക്കണം. ഇക്കാര്യ ത്തിൽ ഈ ഗവൺമെന്റ് ശക്തമായ നടപടി സ്വീകരിച്ചുകൊണ്ട് മുന്നോട്ടു പോകണം.

<u>ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി:</u> സർക്കാർ എയ്ഡഡ് കോളേ ജുകളേയും അൺഎയ്ഡഡ് പ്രൊഫഷണൽ കോളേജുകളെയും ബാധി ക്കുന്ന സുപ്രധാനമായ ഒരു ബില്ലാണിത്. നിലവിലുള്ള സിസ്റ്റമനുസരിച്ച് പ്രൊഫഷണൽ കോളേജുകളിൽ 65 ശതമാനം സീറ്റ് ഓപ്പൺ മെറിറ്റിൽ ഉണ്ട്. അതിൽ ഒ.ബി. സി. ക്ക് അർഹമായ പരിഗണനയും സംവരണവും ലഭിക്കുമായിരുന്നു. എന്നാൽ പുതിയ ബില്ലിൽ 50 ശതമാനം സീറ്റ്

സംവരണ ലിസ്റ്റിൽ വരുന്നവർക്ക് ലഭിക്കുന്നുണ്ടെങ്കിലും ഓപ്പൺ മെറിറ്റിലുള്ള സാധ്യത 65 ശതമാനമെന്നുള്ളത് 50 ശതമാനമായി കുറയുകയാണ് ചെയ്യുന്നത്. മുന്നോക്കവിഭാഗത്തിൽ വിദ്യാഭ്യാസപരമായും സാമൂഹ്യപരമായും സാമ്പത്തികപരമായും പിന്നോക്കം നിൽക്കുന്ന വർക്കുവേണ്ടി 12 ശതമാനവും വികലാംഗർക്കുവേണ്ടി മൂന്ന് ശതമാനവും ഉൾപ്പെടെ 15 ശതമാനം സീറ്റ് നീക്കിവച്ചിട്ടുണ്ട്. ഒ.ബി.സി. ലിസ്റ്റിൽ വരുന്ന പിന്നോക്ക വിഭാഗങ്ങളുടെ സീറ്റാണ് ഇതിലൂടെ നഷ്ടമാകുന്നത്. കാരണം നിലവിൽ 65 ശതമാനം സീറ്റിൽ അർഹമായ സംവരണം ലഭിക്കുന്നുണ്ട്. പിന്നോക്കവിഭാഗത്തെ നിർണ്ണയിക്കാനുള്ള ഒരു വ്യവസ്ഥയും ഈ ബില്ലിൽ ഇല്ല. നമ്മുടെ സംസ്ഥാനത്ത് പിന്നോക്ക ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ലഭിച്ചിരുന്ന ആനുകൂല്യം ഇതിന്റെ ഫലമായി നഷ്ടപ്പെടുമെന്ന സംശയുമുണ്ടാകുന്നു. മുന്നോക്കക്കാരിൽ പിന്നോക്കംനിൽക്കുന്നവരെ നിർണ്ണയിക്കുന്നതിനും മാനദണ്ഡം വച്ചിട്ടില്ല. ശാരീരിക വൈകല്യമുള്ളവർക്ക് നീക്കിവക്കുന്ന 3 ശതമാനം സീറ്റിനെപ്പറ്റിയും മുന്നോക്കക്കാരിൽ പിന്നോക്കം നിൽക്കുന്നവർക്കു നീക്കിവച്ച 12 ശതമാനത്തെപ്പറ്റിയും മാനേജ്മെന്റും ഗവൺമെന്റും തമ്മിൽ ചർച്ചചെയ്ത് അഭിപ്രായസമന്വയമുണ്ടാക്കി തീരുമാനിക്കുമെന്നു പറയുന്നുണ്ട്. അഭിപ്രായ സമന്വയം എങ്ങനെ എന്നതു സംബന്ധിച്ച് ബില്ലിൽ യാതൊന്നും വ്യക്തമാക്കിയിട്ടില്ല. ഫീസ് നിർണ്ണയിക്കുന്ന രീതിയോട് യോജിക്കാൻ കഴിയില്ല. ഓരോ കോളേജിലുമുള്ള സൗകര്യങ്ങൾ മാനദണ്ഡമാക്കി ഫീസ് നിശ്ചയിക്കുന്ന രീതി ശരിയല്ല. ഗവൺമെന്റ്, എയിഡഡ്, അൺഎയിഡഡ് എന്നീ മൂന്നു തട്ടിലുള്ള വിദ്യാഭ്യാസത്തിൽ അൺ എയിഡഡ് മേഖലയിൽ ഫൈവ് സ്റ്റാർ തട്ടുണ്ടാകാൻ പാടില്ല. ഒരു ഏകീകരിച്ച ഫീസ്

നിരക്കുണ്ടാകണം. സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന കോളേജുകളിലെ അഡ്മിഷനെക്കുറിച്ച് വ്യക്തമാക്കണം. സംസ്ഥാനത്തിന് അനുഗുണമാകുന്ന രൂപത്തിലുള്ള ഒരു നിയമനിർമ്മാണം നടത്തണം.

ശ്രീ. വി. ഡി. സതീശൻ : ഈ വിഷയത്തെ സംബന്ധിച്ച് കേരളത്തിൽ അനേകം പ്രാവശ്യം ചർച്ച ചെയ്യപ്പെട്ടുകഴിഞ്ഞു. ആ ചർച്ചകളുടെ അടിസ്ഥാനത്തിൽ ഒരു നിയമനിർമ്മാണത്തിന് സമൂർത്തമായ രൂപം നൽകാനുള്ള ശ്രമത്തിലാണ് ഈ നിയമസഭ. എല്ലാവിധ പഴുതുകളും അടച്ചുകൊണ്ടുള്ള ഒരു നിയമനിർമ്മാണമാകണം സഭയിൽ കൊണ്ടുവരേണ്ടതെന്നുള്ളതുകൊണ്ടാണ് ഭരണഘടനാപരമായ വശങ്ങളെക്കുറിച്ച് പരാമർശിക്കുന്നത്. ഈ നിയമത്തിൽ ഭരണഘടനാവിരുദ്ധമായ നിരവധി കാര്യങ്ങളുണ്ട്. ഈ നിയമനിർമ്മാണത്തെ സംബന്ധിച്ച് വിശദമായ ചർച്ച നടത്തേണ്ടതായിരുന്നു. 2004-ൽ യൂ.ഡി.എഫ് ഗവൺമെന്റ് പാസ്സാക്കിയ നിയമം സുപ്രീം കോടതി സ്റ്റേ ചെയ്തിട്ടില്ല. ഇന്ററീം ഓർഡർ മാത്രമാണ് വന്നത്. ഇനാംദാർ കേസ്സിൽ സുപ്രീം കോടതി പറയുന്നത് മൈനോറിറ്റി ഇൻസ്റ്റിറ്റ്യൂഷൻസിലും അല്ലാത്തതിലും റിസർവേഷൻ നടത്താനും ഗവൺമെന്റ് ക്വാട്ട ഫിക്സ് ചെയ്യാനും ഗവൺമെന്റിന് അധികാരമില്ല എന്നാണ്. റിസർവേഷന് ഗവൺമെന്റിന് അധികാരമില്ലെന്ന് സുപ്രീം കോടതി പറഞ്ഞ നിബന്ധന മറികടക്കാനാണ് ഭരണഘടനയിലെ 93-ാമത്തെ അമെന്റ്മെന്റ് പാർലമെന്റ് പാസ്സാക്കിയത്. ഇക്കാര്യത്തിൽ സ്റ്റേറ്റ് ഗവൺമെന്റിനും ലെജിസ്ലേറ്റീവ് കോംപീറ്റൻസി ഉണ്ടെന്നാണ് അറിയുന്നത്. ഭരണഘടനയിലെ ആർട്ടിക്കിൾ 93-ന്റെ വയലേഷനാണ് ഈ ബില്ലിലെ 9-ാം വകുപ്പിലെ 4-ാം ഉപവകുപ്പ്. സീറ്റ് വിഭജനകാര്യത്തിൽ ദുർബ്ബല

വിഭാഗങ്ങൾക്കുള്ള 12 ശതമാനം സീറ്റിന്റെ കാര്യം ഗവൺമെന്റും മാനേജുമെന്റുകളും തമ്മിൽ ചർച്ചചെയ്ത് സമവായത്തിലൂടെ തീരുമാനിക്കുമെന്നാണ് പറയുന്നത്. ചർച്ചയിലൂടെ തീരുമാനിക്കുമെന്ന് ഒരു നിയമത്തിൽ എഴുതിവയ്ക്കുന്നത് നിയമനിർമ്മാണത്തിന്റെ അടിസ്ഥാന തത്വങ്ങൾക്ക് വിരുദ്ധമാണ്. അടിസ്ഥാന സൗകര്യങ്ങളും മറ്റും കണക്കിലെടുത്ത് പല കോളേജുകളിൽ പല രീതിയിലുള്ള ഫീസ് നിശ്ചയിക്കുമ്പോൾ കെ.ടി.തോമസ് കമ്മിഷൻ ശുപാർശ ചെയ്ത ഫീസിനേക്കാൾ ഫീസ് ഇരട്ടിയായിമാറുകയും ഡിസ്ക്രിമിനേഷൻ ഉണ്ടാവുകയും ചെയ്യും. ഈ ബില്ലിൽ സ്കോളർഷിപ്പിനെക്കുറിച്ചു പറയുന്നത് സ്വാഗതാർഹമാണെങ്കിലും സോഷ്യൽ കമ്മിറ്റ്മെന്റുള്ള ഒരു പ്രൊവിഷനാണത്. 50 ശതമാനം സീറ്റിൽ എത്ര കുട്ടികൾക്ക് സ്കോളർഷിപ് കൊടുക്കേണ്ടിവരുമെന്ന് ഗവൺമെന്റ് കണക്കാക്കിയിട്ടില്ല. അതിന്റെ കോൺട്രിബ്യൂഷൻ സംബന്ധിച്ചും ബാധ്യതയെ സംബന്ധിച്ചും ബില്ലിൽ വ്യക്തതയില്ല. വകുപ്പ് 7(ജി)-ൽ ചാരിറ്റിയെന്ന പേരിൽ തുക പിരിക്കുന്നതിന് മാനേജ്മെന്റുകൾക്ക് അനുവാദം കൊടുക്കുന്നുണ്ടോ എന്നകാര്യം വ്യക്തമല്ല. പുതിയ ഫീസ് സ്ട്രക്ച്ചർ സെമി സർക്കാർ സ്ഥാപനങ്ങളിൽ ഈ വർഷം നടപ്പാക്കുമെന്ന് മന്ത്രി പറഞ്ഞുവെങ്കിലും കുട്ടികളുടെ ഈ വർഷത്തെ അഡ്മിഷൻ, ഫീസ് സ്ട്രക്ച്ചർ, മെരിറ്റ് എന്നീ കാര്യങ്ങളിൽ വ്യക്തതയില്ല. ഇക്കാര്യത്തിലുള്ള അവ്യക്തത പരിഹരിക്കണം. മൈനോറിറ്റി പദവിക്ക് അപേക്ഷിച്ചിരിക്കുന്ന ഇൻസ്റ്റിറ്റ്യൂഷൻസ് അത് നേടിയെടുത്താൽ എന്ത് ഫീസ് നിരക്ക് ഗവൺമെന്റ് ഏർപ്പെടുത്തിയാലും അവിടെ സംവരണം അട്ടിമറിക്കപ്പെടും. അങ്ങനെ വരുമ്പോൾ കേരളത്തിലെ എട്ട് മെഡിക്കൽ കോളേജുകളിൽ 7 എണ്ണത്തിലും സംവരണമുണ്ടാകില്ല. സംവരണ

വ്യവസ്ഥ അട്ടിമറിക്കപ്പെടുന്ന സ്ഥിതിയെ എങ്ങനെ നേരിടുമെന്ന് വ്യക്തമാക്കണം. അങ്ങനെ വരുമ്പോൾ ഈ ബില്ലിന്റെ നിലനിൽപ്പുതന്നെ അപകടത്തിലാകും. നിലവിലുള്ള പ്രൊവിഷൻസ് അനുസരിച്ച് മൈനോറിറ്റി പദവി നേരിടാനാവില്ല. കൺസൻസസ് ഉണ്ടാക്കിയാലും കേന്ദ്ര നിയമത്തിന്റെ പ്രൊവിഷനെ മറികടക്കാനാവില്ല. സെൻട്രൽ ആക്ടിൽ ഗവൺമെന്റാണ് കോംപിറ്റന്റ് അതോറിറ്റി. വിദ്യാർത്ഥികളെ വിവിധ തട്ടുക ളായി തരംതിരിക്കുന്ന രീതിയിലുള്ള ഫീസ് സ്ട്രക്ച്ചറാണ് ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. ഈ ബില്ലിൽ കടന്നുകൂടിയിട്ടുള്ള എല്ലാ അപാകതകളും പരിഹരിച്ചുകൊണ്ടായിരിക്കണം ഇത് പാസ്സാക്കേണ്ടത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: കേരളത്തിൽ വിദ്യാഭ്യാസ രംഗത്തെ അനിശ്ചിതത്വം ഒഴിവാക്കി ചലനാത്മകത ഉണ്ടാക്കണം. വിദ്യാഭ്യാസ രംഗത്ത് രണ്ടുതരം പൗരന്മാരെ സൃഷ്ടിക്കാതിരിക്കാനുള്ള സർക്കാരിന്റെ ശ്രമത്തിന്റെ ഭാഗമാണ് ഈ ബില്ലെങ്കിലും അതിന് ഉദ്ദേശിച്ച ഫലം കണ്ടില്ല. ഫീസിന്റെ കാര്യത്തിൽ അനിശ്ചിതത്വം നിലനിൽക്കുന്ന സാഹചര്യമാണുള്ളത്. കോളേജിന്റെ സ്ഥാനം, കോഴ്സിന്റെ സ്വഭാവം, അടിസ്ഥാനസൗകര്യം, നടത്തിപ്പിനുള്ള ചെലവ് തുടങ്ങിയ ഘടകങ്ങളാണ് ഫീസ് നിശ്ചയിക്കുന്ന തിനുവേണ്ടി പറഞ്ഞിട്ടുള്ളത്. കെ.ടി. തോമസ് കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തീരുമാനിച്ച ഫീസ് കൂടുതലായതിനാൽ ഗവൺമെന്റ് ഫീസിന് തുല്യമാക്കണമെന്ന അടിസ്ഥാനപരമായ കാര്യത്തിനുവേണ്ടിയാണ് ശ്രമിച്ചത്. ഇപ്പോൾ ആകെ കൺഫ്യൂഷനായിരിക്കുകയാണ്. ഇങ്ങനെയൊരു നിയമം കൊണ്ടുവരുന്നതിന് കൂട്ടുനിൽക്കാൻ കഴിയില്ല. സംസ്ഥാന സർക്കാർ ശരിയായ രീതിയിൽ വക്കീലിനെവച്ച് വാദിക്കാത്തതിന്റെ ഫലമായി ട്ടാണ്

കോളേജുകൾക്ക് ന്യൂനപക്ഷ പദവി ലഭ്യമായത് എന്ന് ദേശീയ ന്യൂനപക്ഷ കമ്മിഷൻ തന്നെ പരസ്യമായി പ്രസ്താവന നടത്തുകയുണ്ടായി. കോളേജുകളെ തരംതിരിക്കുന്നതുപോലെ വിദ്യാർത്ഥികളെ പല തട്ടുകളിലേയ്ക്ക് മാറ്റുന്നത് നീതിയല്ല. മൈനോറിറ്റി വിഭാഗം നടത്തുന്ന സ്ഥാപനങ്ങളിലെല്ലാം മറ്റ് സമുദായങ്ങൾക്ക് പ്രവേശനം നൽകി ക്കൊണ്ടിരിക്കുന്നത് ഇല്ലാതാക്കാനുള്ള വ്യവസ്ഥകളാണ് ബില്ലിലെ 11-ാം വകുപ്പിൽ 4-ാം ഉപവകുപ്പിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഇത് സാമൂഹിക സംഘർഷം ഉണ്ടാക്കാനിടയാകും. വർഗ്ഗീയവാദികൾക്ക് കൂടുതൽ ശക്തിയുണ്ടാക്കുന്ന വിധത്തിൽ ഒരു പ്രൊവിഷനുണ്ടാക്കി കേരളത്തിന്റെ സാമൂഹിക അന്തരീക്ഷം കലുഷിതമാക്കരുത്. ഉന്നതവിദ്യാഭ്യാസ രംഗത്തും ശാസ്ത്ര-സാങ്കേതിക വിദ്യാഭ്യാസ രംഗത്തും അനിശ്ചിതത്വം ഉണ്ടാകാൻ പോകുകയാണ്. 100 ശതമാനം സീറ്റിൽ എൻ.ആർ.ഐ- 15 ശതമാനം, മാനേജുമെന്റ്-35 ശതമാനം, മറ്റ് വിഭാഗങ്ങൾക്കുള്ള റിസർവേഷൻ സീറ്റ് -50 ശതമാനം എന്നിങ്ങനെയാണ് നിശ്ചയിച്ചിരിക്കുന്നത്. മാനേജുമെന്റിനെ നിയന്ത്രിക്കാൻ കഴിയുന്ന തരത്തിൽ ഏത് വകുപ്പാണ് ബില്ലിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കണം. ഉന്നത വിദ്യാഭ്യാസ രംഗത്തെ സാമൂഹിക സംഘർഷത്തിലേയ്ക്ക് നയിക്കാൻ നിയമസഭയെ സാക്ഷിയാക്കരുത്.

<u>ശ്രീ. അൽഫോൻസ് കണ്ണന്താനം:</u> കഴിഞ്ഞ എൽ.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾക്ക് എൻ.ഒ.സി. നൽകുമ്പോൾ 70 ശതമാനം മെരിറ്റ് സീറ്റും 15 ശതമാനം മാനേജുമെന്റ് സീറ്റും 15 ശതമാനം എൻ.ആർ.ഐ. സീറ്റും ആയിരുന്നു ഉണ്ടായിരുന്നത്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് അത് 100 ശതമാനവും

മാനേജുമെന്റ് സീറ്റാക്കി മാറ്റിയ കോടതി വിധിയുണ്ടായി. അതിന്മേൽ സർക്കാരിന് വാദിച്ച് ജയിക്കാൻ കഴിഞ്ഞില്ല. കഴിഞ്ഞ 5 വർഷത്തിനിടയിൽ കോഴ വാങ്ങുന്ന മാനേജുമെന്റുകൾക്കെതിരെ ഒരു ക്രിമിനൽ കേസുപോലും ഫയൽ ചെയ്യാൻ യു.ഡി.എഫ്. സർക്കാരിന് കഴിഞ്ഞിട്ടില്ല. മൈനോറിറ്റി ഇൻസ്റ്റിറ്റ്യൂഷനെ ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്നതുകൊണ്ട് ഇതിന് .കോൺസ്റ്റിറ്റ്യൂഷണൽ വാലിഡിറ്റിയില്ല എന്നു പറയുകയുണ്ടായി. 93–ാം ഭരണഘടനാ ഭേദഗതിയനുസരിച്ച് ഇത് സാദ്ധ്യമാകും. കോൺസ്റ്റിറ്റ്യൂഷണൽ റൈറ്റ് എങ്ങനെ വിനിയോഗിക്കണമെന്നതിന് മാനദണ്ഡം കൊണ്ടുവരണം. യു.ഡി.എഫ് ഭരണകാലത്ത് ഉന്നത വിദ്യാഭ്യാസരംഗത്ത് പ്രവേശന പരീക്ഷാ നടത്തിപ്പ് ഉൾപ്പെടെ ക്രമക്കേടുകൾ നിറഞ്ഞതായിരുന്നു. കേരളത്തിലെ പാവപ്പെട്ട കുട്ടികൾക്ക് പഠിക്കാനുള്ള അവസരമുണ്ടാകുന്നതിന് ഇത്തരത്തിൽ ഒരു ബിൽ അത്യാവശ്യമാണ്.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : ബില്ലിനെ അനുകൂലിക്കുന്നു. വിദ്യാഭ്യാസം കച്ചവടവൽക്കരിക്കപ്പെട്ടിരുന്ന ഒരു സാഹചര്യമായിരുന്നു യു.ഡി.എഫ്. ഭരണകാലത്ത് കേരളത്തിലുണ്ടായിരുന്നത്. സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്കും എസ്.സി/എസ്.ടി. വിഭാഗത്തിനും സാമ്പത്തികമായി പിന്നോക്കംനിൽക്കുന്നവർക്കും സീറ്റുകൾ ലഭ്യമാക്കുന്ന കാര്യത്തിൽ മാനേജുമെന്റും സർക്കാരുമായി സമവായം ഉണ്ടാക്കുമെന്നാണ് ബില്ലിൽ പറഞ്ഞിരിക്കുന്നത്. അതിനകത്ത് ഒരു അവ്യക്തത നിലനിൽക്കുന്നുണ്ട്. അംഗവൈകല്യം സംഭവിച്ചവർക്കും ദുർബലവിഭാഗത്തിനും 15 സീറ്റുകൾ മാറ്റിവച്ചിരിക്കുന്നുവെന്ന് പറഞ്ഞിരിക്കുന്നു; ഇതിന് വ്യക്തതയുണ്ടാകണം. കേരളത്തിലെ വിദ്യാഭ്യാസരംഗം വളരെ നല്ല രീതിയിലാക്കുന്നതിനുവേണ്ടിയാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. സ്വാശ്രയ വിദ്യാഭ്യാസമേഖലയിൽ സാമൂഹ്യനീതി

ഉറപ്പുവരുത്തുന്നതിനുവേണ്ടി അവതരിപ്പിച്ചിട്ടുള്ള ബിൽ അനുസരിച്ച് സ്വാശ്രയ മാനേജ്മെന്റുകളെ നിലയ്ക്കുനിർത്താൻ യു.ഡി.എഫ് ഗവ ണ്മെന്റിന് കഴിഞ്ഞിരുന്നില്ല. കേരളത്തിലെ സർക്കാരിനെ അവഹേളിക്കുന്ന തരത്തിലുള്ള പ്രവണതയായിരുന്നു കഴിഞ്ഞ കാലത്ത് മാനേജ്മെന്റുകൾ സ്വീകരിച്ചിരുന്നതെങ്കിൽ ഈ ബിൽ പാസ്സാകുന്നതോടുകൂടി അത്തരത്തി ലുള്ള സ്ഥിതിവിശേഷങ്ങൾ ഇല്ലാതാകും. മാനേജ്മെന്റും സർക്കാരും ഒരു ലെയ്സണായി പോകുന്നതിന് അവതരിപ്പിക്കപ്പെട്ടിട്ടുള്ള ഈ ബിൽ കേരള ത്തിലെ വിദ്യാഭ്യാസം സംശുദ്ധമായ രീതിയിൽ കൊണ്ടുപോകുന്നതിനും മറ്റു തരത്തിലുള്ള ഇടപെടലുകൾ അവസാനിപ്പിക്കുന്നതിനും കേരളത്തിൽ ഉപരി പഠന സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിനും സഹായകമാകും. കേരളത്തിലെ വിദ്യാഭ്യാസരീതിയിൽ കാതലായ മാറ്റം അനിവാര്യമാണെന്ന് വിവിധ വിദ്യാർത്ഥിസംഘടനകൾ നിരന്തരം ആവശ്യപ്പെട്ടിരുന്നതാണ്. കേരളത്തിലെ പട്ടികജാതി –പട്ടികവർഗ്ഗക്കാരും സമൂഹത്തിലെ ദുർബല വിഭാഗങ്ങളും ആഗ്ര ഹിക്കുന്ന വിധത്തിലുള്ള ബില്ലുതന്നെയാണിത്. മാനേജ്മെന്റുകൾ തോന്നും പോലെ ഫീസ് ഈടാക്കിയിരുന്നതിന്റെ ഫലമായി രണ്ടും മൂന്നും വർഷം പഠിച്ചശേഷം പഠനം നിറുത്തേണ്ടിവന്ന അവസ്ഥയും കേരളത്തിലെ വിദ്യാർത്ഥികൾക്കുണ്ടായിട്ടുണ്ട്. അത് അവസാനിപ്പിക്കാനുള്ള നിയമ നിർമ്മാണമാണിത്.

<u>ശ്രീമതി ജെ. അരുന്ധതി</u> : സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിന് കൊണ്ടുവന്നിരിക്കുന്ന ഈ ബില്ലിനെ അനുകൂലിക്കുന്നു. പഠിക്കുന്ന കുട്ടിക ളേക്കാളുപരി വിദ്യാഭ്യാസത്തെ സ്നേഹിക്കുന്ന, സ്വാശ്രയ സ്ഥാപനങ്ങളിൽ കുട്ടികളെ അയച്ച് പഠിപ്പിക്കുന്നതിന് വലിയ ബുദ്ധിമുട്ടനുഭവിക്കുന്ന കേരള ത്തിലെ രക്ഷകർത്താക്കളാണ് ഈ ബിൽ പാസ്സാകുന്നതിലൂടെ സന്തോഷിക്കു

ന്നത്. പിന്നോക്ക വിഭാഗങ്ങളിലെ സീറ്റുവിഭജനം സംബന്ധിച്ച് വളരെ വ്യക്തമായി ബില്ലിൽ പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. മുന്നോക്ക വിഭാഗങ്ങളിലെ പിന്നോക്കക്കാർക്കും എസ്.സി/എസ്. ടി. വിഭാഗത്തിനും ശാരീരികമായി വൈകല്യം വന്നവർക്കും വലിയൊരു അത്താണിയാണ് ഈ ബിൽ. ലാഭം മാത്രം ലക്ഷ്യമാക്കി ഒന്നിലധികം സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ നടത്തിയിരുന്ന മാനേജുമെന്റുകൾക്ക് തിരിച്ചുചിന്തിക്കേണ്ട അവസരമാണ് ഈ ബിൽ പാസ്സാകുന്നതിലൂടെ ഉണ്ടാകാൻ പോകുന്നത്. തലവരിപണം കൊടുത്ത് വിദ്യാഭ്യാസം നേടിയ എൻജിനീയർമാരും ഡോക്ടർമാരും ഗ്രാമങ്ങളിലും മറ്റും സേവനം നടത്താൻ താൽപ്പര്യമില്ലാതെ മാറിനിൽക്കുന്ന സ്ഥിതിവിശേഷമാണ് ഇവിടെയുണ്ടായിരുന്നത്. ഫീസ് റെഗുലേറ്ററി കമ്മിറ്റിയുടെ റെഗുലേഷനെ സംബന്ധിച്ചും എക്സാമിനേഷൻ സംബന്ധിച്ചുമുള്ള നിയന്ത്രണവും ഉത്തരവാദിത്വവും ഗവണ്മെന്റിനുതന്നെയായിരിക്കണം.

<u>ശ്രീ. എം. പ്രകാശൻ മാസ്റ്റർ</u> : ഭേദഗതിയെ അനുകൂലിക്കുന്നു. കേരളത്തിലെ അക്കാഡമിക് സമൂഹം നടത്തിയ പോരാട്ടത്തിന്റെ ഫലമായ ഈ ബിൽ ഭരണഘടനയുടെ 9-ാം ഷെഡ്യൂളിൽപെടുത്തണമെന്നുള്ള പ്രഖ്യാപനം തന്നെ ഗവണ്മെന്റിന്റെ പ്രതിബദ്ധതയെ കാണിക്കുന്നു. പാവപ്പെട്ട കുട്ടികൾക്ക് പഠിക്കാനുള്ള അവസരം നഷ്ടമായിരുന്നത് ഈ ബിൽ പാസ്സാകുന്നതോടുകൂടി ഇല്ലാതാവുകയാണ്. കേരളത്തിലെ സാധാരണക്കാരായ കുട്ടികൾക്ക് പഠിക്കാനുള്ള അവസരം നിഷേധിക്കുന്നവിധം സ്വകാര്യ മാനേജ്മെന്റുകളെ സഹായിക്കുന്ന നിലപാടായിരുന്നു കഴിഞ്ഞ ഗവണ്മെന്റ് സ്വീകരിച്ചിരുന്നത്. മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം ലഭ്യമാക്കണമെന്നും ലാഭേച്ഛയോടുകൂടി വിദ്യാഭ്യാസം നടത്താൻ പാടില്ലെന്നുമുള്ള സുപ്രീം കോടതി വിധി ഗൗരവമായി പരിഗണിച്ചുകൊണ്ട് തയ്യാറാക്കപ്പെട്ട ബില്ലാണിത്. ഉന്നത

വിദ്യാഭ്യാസത്തിന്റെ മികവ് നികത്താൻ മെറിറ്റടിസ്ഥാനത്തിലുള്ള പ്രവേശന മാണ് നടത്തേണ്ടത്. 50 ശതമാനം മെറിറ്റടിസ്ഥാനത്തിലുള്ള പ്രവേശനം നട ത്തുന്നതിലൂടെ അത് പരിഹരിക്കപ്പെടുന്നു. മാനേജ്മെന്റുകൾക്ക് പരീക്ഷ നട ത്തുന്നതിനുള്ള അധികാരം നൽകാതെ പരീക്ഷാ കമ്മിഷണർ നടത്തുന്ന പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ മാത്രം പ്രവേശനം നൽകത്തക്ക വിധത്തിലുള്ള നിയമനിർമ്മാണമാണിത്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിരക്ഷിക്കാനുള്ള ബാദ്ധ്യത ഗവണ്മെന്റിനാണ്, 15 ശതമാനം എൻ.ആർ.ഐ. സീറ്റ് കൊടുക്കുന്നതിലൂടെ സാമ്പത്തികമായി പിന്നോക്കംനിൽക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് ഫണ്ട് കൊടുക്കാൻ സാധിക്കും. മാനേജ്മെന്റുകൾക്ക് തോന്നുന്നവിധത്തിൽ ഫീസ് ഈടാക്കാ മെന്ന് കഴിഞ്ഞ ഗവണ്മെന്റ് പാസ്സാക്കിയ നിയമത്തിൽ പറഞ്ഞിരുന്നത് മാനേ ജ്മെന്റുകളെ സഹായിക്കാനായിരുന്നു. ഇവിടെ അവതരിപ്പിക്കപ്പെട്ടിട്ടുള്ള ബില്ലിൽ നിശ്ചയിച്ചിട്ടുള്ള ഫീസ് മൂന്ന് വർഷത്തേയ്ക്ക് ബാധകമായിരിക്കു മെന്നും ബില്ലിലെ വ്യവസ്ഥകൾ ലംഘിക്കപ്പെടുന്നവർക്ക് മൂന്ന് വർഷം തടവും 5 ലക്ഷം രൂപ ശിക്ഷയും നൽകുമെന്നും വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ന്യൂനപക്ഷ സ്ഥാപനം ഏതാണെന്ന് വ്യക്തമായി നിർണ്ണയിക്കാൻ സംസ്ഥാന ഗവൺമെന്റിന് അധികാരമുണ്ട്. ഈ കേസ് സംബന്ധിച്ച് കമ്മീഷന് അപ്പീൽ കൊടുക്കുമ്പോൾ ഗവൺമെന്റിനെക്കൂടി ഹിയർ ചെയ്തുകൊണ്ടല്ലാതെ ഒരു കാരണവശാലും കമ്മീഷൻ തീരുമാനം എടുക്കാൻ പാടില്ലെന്ന് കേന്ദ്ര നിയമത്തിൽ വ്യവസ്ഥയുണ്ട്. കേരളത്തിൽ കുറ്റിപ്പുറത്തുള്ള എം.ഇ.എസ്. കോളേജിനുമാത്രമാണ് ന്യൂനപക്ഷ പദവിയുള്ളത്. 50 സ്വകാര്യ എഞ്ചിനീയ റിംഗ് കോളേജുകളിൽ 21 എണ്ണവും സ്വകാര്യ മേഖലകളിലെ ന്യൂനപക്ഷക്കാ രാണ് നടത്തുന്നതെങ്കിലും ഒരു കോളേജിന് മാത്രമേ ന്യൂനപക്ഷ പദവി ലഭി

ച്ചിട്ടുള്ളൂ. 41 നഴ്സിംഗ് കോളേജുകളിൽ 29 എണ്ണവും 6 മെഡിക്കൽ കോളേജുകളും ന്യൂനപക്ഷക്കാരാണ് നടത്തുന്നത്. നിരവധി വർഷത്തെ നിരന്തരമായ സമരത്തിലൂടെ കൊണ്ടുവന്ന ഈ നിയമനിർമ്മാണത്തതിനെതിരെയുള്ള പ്രതിപക്ഷത്തിന്റെ നീക്കത്തെ കേരള ജനത അംഗീകരിക്കില്ല. ഇനാംദാർ കേസ്സുമായി ബന്ധപ്പെട്ട വിധിയുടെ അടിസ്ഥാനത്തിൽ പ്രതിപക്ഷം ഈ ബില്ലിനെ തകർക്കാൻ ശ്രമിക്കുന്നത് ശരിയല്ല.

ശ്രീ. പി.സി. വിഷ്ണുനാഥ് : വളരെയേറെ ആശയക്കുഴപ്പമുള്ള ഒരു നിയമനിർമ്മാണമാണ് ഗവൺമെന്റ് നടത്തിയിരിക്കുന്നത്. ഈ നിയമം മാനേജുമെന്റുകളെ സഹായിക്കാൻ വേണ്ടിയാണെന്നുള്ളതാണ് യഥാർത്ഥ്യം. കേരളത്തിലെ മൂന്ന് സ്വാശ്രയ നഴ്സിംഗ് കോളേജുകളുടെ ഭരണാവകാശമുള്ളത് സി.പി.എം. നേതൃത്വത്തിലുള്ള സഹകരണ സംഘങ്ങൾക്കാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് ഒരു സ്വാശ്രയനയമുണ്ട്. 1991–ലെ പരിയാരം സഹകരണ മെഡിക്കൽകോളേജുമായി ബന്ധപ്പെട്ട സമരത്തിൽ അഞ്ച് ചെറുപ്പക്കാർ രക്തസാക്ഷികളായി. അതിനുശേഷം എ.കെ. ആന്റണി ഗവൺമെന്റ് കൊണ്ടുവന്ന സ്വാശ്രയനയത്തെ അന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണി എതിർത്തിരുന്നു. 1993–ലെ ഉണ്ണികൃഷ്ണൻ കേസ്സിലെ വിധി അസാധുവാക്കിക്കൊണ്ടുള്ള സുപ്രീംകോടതിവിധി വന്നപ്പോഴാണ് കുഴപ്പം തുടങ്ങിയത്. 14.8.2003–ൽ ഫീസ് നിർണ്ണയിക്കാൻ രൂപീകരിച്ച കെ.ടി. തോമസ് കമ്മിഷൻ മെരിറ്റിലും മാനേജുമെന്റിലും ഒരേ ഫീസ് നിശ്ചയിച്ചപ്പോൾ ആ തീരുമാനത്തെ മറികടന്നുകൊണ്ട് മെരിറ്റിൽ സർക്കാർ ഫീസും മാനേജുമെന്റുകൾക്ക് inevitable expense fees ആയും ഈടാക്കാൻ തീരുമാനിച്ചപ്പോൾ ഇടതുപക്ഷം അതിനെയും എതിർത്തിരുന്നു. ഗവൺമെന്റ് ക്വാട്ടയെക്കുറിച്ചോ,

ഫീസിനെക്കുറിച്ചോ ഈ നിയമത്തിൽ വ്യക്തമായി യാതൊന്നും പറയുന്നില്ല. ജനറൽ മെറിറ്റില്ലാത്ത, സർക്കാർ ക്വാട്ട ഇല്ലാത്ത ഒരു ബിൽ എങ്ങനെയാണ് വിദ്യാർത്ഥി താൽപര്യത്തിന് അനുകൂലമാകുന്നത് എന്ന് മനസ്സിലാകുന്നില്ല. ദേശീയ ന്യൂനപക്ഷ കമ്മീഷന്റെ സിറ്റിംഗിൽ സംസ്ഥാന സർക്കാരിന്റെ അഭി ഭാഷകൻ ഹാജരാകാതിരുന്നത് ശരിയല്ല. കോഴഞ്ചേരി, കാരക്കോണം മെഡിക്കൽ കോളേജുകൾക്ക് ന്യൂനപക്ഷ പദവികിട്ടി. ബാക്കിയുള്ള ഏഴ് കോളേജുകൾക്കും ന്യൂനപക്ഷ പദവി കിട്ടിയാൽ 700 സീറ്റുകളിലും സംവരണതത്വം ലംഘിക്കപ്പെടും. മെറിറ്റിലും മാനേജുമെന്റിലും ഫീസ് റെഗു ലേറ്ററി കമ്മിറ്റിയാണ് ഫീസ് തീരുമാനിക്കുന്നത്. 19 സ്വാശ്രയ കോളേജുകളിൽ സർക്കാർ ഫീസ് ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമെന്ന് ഗവൺമെന്റ് പറയുന്നു. ഈ നിയമത്തിൽ അതിന്റെ ആവശ്യമില്ല. കഴിഞ്ഞവർഷവും സർക്കാർ ഫീസായിരുന്നു ഉണ്ടായിരുന്നത്. അതിന് യാതൊരു മാറ്റവും ഉണ്ടായിട്ടില്ല. ഇതുമായി ബന്ധപ്പെട്ട മറ്റ് കേസ്സുകൾ പരിശോധിക്കണം. കോടതികളിൽ വാദം നടക്കുന്ന കേസ്സുകളിൽ സർക്കാർ ദയനീയമായി പരാ ജയപ്പെടുന്നത് സംബന്ധിച്ച് പരിശോധിക്കണം. ഈ നിയമം രൂപപ്പെടുത്തുന്ന തിനായി മന്ത്രിയെ സഹായിക്കാൻ മൂന്നംഗ സമിതിയുണ്ടാക്കിയെന്ന് അറിഞ്ഞു. തമിഴ്നാട്ടിലെ സ്വകാര്യ കോളേജുമായി നേരിട്ട് ബന്ധമുള്ള ജയശങ്കർ എന്ന അദ്ധ്യാപകനാണ് ഈ നിയമം നിർമ്മിക്കുന്നതിന് പ്രധാന പങ്കുവഹിച്ചത്. മറ്റൊരാൾ ദൈവ ശാസ്ത്രഞ്ജ്ജനാണ്. സ്വാശ്രയ നിയമം ഉണ്ടാക്കുന്നതിൽ ദൈവശാസ്ത്രഞ്ജ്ജന്റെ പങ്ക് എന്താണെന്ന് വ്യക്തമാക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി) : ഈ ബില്ലിന്റെ ഉള്ളടക്കത്തിലേക്ക് കടന്ന് ഇതിനെ കൂടതൽ ശക്തിപ്പെടുത്തുന്നതിന് സഹായകരമായ ഒട്ടേറെ നിർദ്ദേശങ്ങൾ വച്ച ബഹുമാ

നപ്പെട്ട എല്ലാ അംഗങ്ങളോടും നന്ദി പറയുകയാണ്. പല അംഗങ്ങളും ഉന്ന യിച്ചിട്ടുള്ള വിമർശനങ്ങൾ ഈ നിയമനിർമ്മാണത്തെ കൂടുതൽ പരിപൂർണ്ണമാക്കാൻ സഹായിക്കും. പ്രതിപക്ഷ ഭാഗത്തുനിന്നും വന്ന വിമർശ നങ്ങളേയും നിർദ്ദേശങ്ങളേയും സ്വാഗതം ചെയ്യുകയും പരാമർശങ്ങളിലും വിമർശനങ്ങളിലും ആരോഗ്യകരമായവ പരിഗണിക്കുകയും ചെയ്യും. കേരള ത്തിലെ ഏതാനും സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ന്യൂനപക്ഷ പദവി നേടിയത് സംബന്ധിച്ച് പ്രതിപക്ഷം ആക്ഷേപം ഉന്നയിച്ചു. ന്യൂനപക്ഷ സ്ഥാപ നങ്ങളെ സംബന്ധിച്ച് മേൽനോട്ടം വഹിക്കുന്ന ദേശീയ സമിതിയിലെ ചില അംഗങ്ങളും സെക്രട്ടറിയും കേരളത്തിൽവന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പു സെക്രട്ടറിയുമായി ചർച്ച ചെയ്തു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ഉടനെ ഈ ബിൽ തയ്യാറാക്കുന്നതിന്റെ ഭാഗമായി ന്യൂനപക്ഷ പദവിയെ സംബന്ധിച്ചും സ്ഥാപനങ്ങളെ സംബന്ധിച്ചുമുള്ള നിർവ്വചനങ്ങൾ ആവിഷ്ക്കരിച്ചുകൊണ്ടിരിക്കുകയാണെന്ന് നാഷണൽ കമ്മീഷൻ ഫോർ മൈനോറിറ്റി എഡ്യൂക്കേഷനെ അറിയിച്ചു. ജൂൺ 12-ാം തീയതി കമ്മീഷൻ സെക്രട്ടറി ഉന്നത വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും രേഖാമൂലവും അല്ലാതെയും സംസ്ഥാന ഗവൺമെന്റ് ആവശ്യം ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ അവർ ഉറപ്പുനൽകിയെങ്കിലും ജൂൺ 20-ന് ചേർന്ന കമ്മീഷന്റെ യോഗത്തിൽ ഉറപ്പിനുവിരുദ്ധമായി ചില കോളേജുകൾക്ക് ന്യൂനപക്ഷ പദവി കൊടുത്തു. രേഖാമൂലവും നേരിട്ടുമുള്ള അഭ്യർത്ഥനയെ അവഗണിച്ചുകൊണ്ട് ഈ തീരുമാനം എങ്ങനെ ഉണ്ടായി എന്ന് അറിയില്ല. കേന്ദ്ര ഗവൺമെന്റ് 2006-ൽ പാസ്സാക്കിയ അമന്റ്മെന്റുവഴി യാണ് സംസ്ഥാന ഗവൺമെന്റിനെ അവഗണിച്ച് ഈ കാര്യങ്ങൾ തീരുമാനി ക്കാനുള്ള അധികാരം ഈ സമിതിക്ക് ലഭിച്ചത്. നാഷണൽ കമ്മിഷൻ ഫോർ

മൈനോറിറ്റീസ് സെക്ഷൻ 12(സി) അനുസരിച്ച് ഇപ്പോൾ എടുത്തിട്ടുള്ള തീരുമാനം പുനഃപരിശോധിക്കണമെന്ന് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വകുപ്പ് അനുസരിച്ച് ഒരിക്കൽ എടുത്ത തീരുമാനം റദ്ദാക്കാനും ഈ കമ്മീഷന് അധികാരമുണ്ട്. ഈ നിയമത്തിൽ ന്യൂനപക്ഷ പദവി ലംഘിക്കുന്നത് സംബന്ധിച്ച് പറഞ്ഞിട്ടുള്ള രണ്ട് മാനദണ്ഡങ്ങൾ ഈ സ്ഥാപനങ്ങൾക്ക് ബാധകമല്ല. ഈ നിയമനിർമ്മാണത്തെ തടസ്സപ്പെടുത്താൻ ശ്രമിക്കുന്ന ലോബിക്കെതിരെ ജാഗ്രതവേണമെന്ന നിർദ്ദേശത്തെ സ്വാഗതം ചെയ്യുന്നു. പ്രവേശന പരീക്ഷയുടെ മാർക്ക് മാത്രം പരിഗണിക്കുന്ന ഇന്നത്തെ സംപ്രദായത്തിലെ പോരായ്മ തിരുത്തി പ്ളസ്ടു പരീക്ഷയുടെ മാർക്കുകൂടി പരിഗണിക്കണമെന്ന ആവശ്യം മുന്നോട്ടുവച്ചിട്ടുണ്ട്. പ്രവേശന പരീക്ഷാ സമ്പ്രദായം പുനഃപരിശോധിക്കാൻ ഒരു ഉന്നതാധികാര സമിതിയെ നിയോഗിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട് അവിടെ ഈ ആവശ്യം സമർപ്പിക്കും. കഴിഞ്ഞ അഞ്ചുവർഷങ്ങൾക്കുമുമ്പ് ശാസ്ത്രീയമായി, വിദ്യാഭ്യാസ മാനദണ്ഡത്തെ ആസ്പദമാക്കി പഠനങ്ങൾ നടത്താത്തതുകൊണ്ടാണ് പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പെടെ ആരംഭിക്കാനുള്ള പ്രവണത ഈ സംസ്ഥാനത്ത് ഉണ്ടായതും പൊതുവിദ്യാഭ്യാസത്തിന്റെ ഭാവിയെ അത് ബാധിച്ചതും. കൂണുപോലെ അൺറെക്കഗ്നൈസ്ഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിച്ചതിന്റെ ഫലമായി ഗവൺമെന്റ്, എയ്ഡഡ് സ്കൂളുകളിൽ പഠിക്കാൻ കുട്ടികൾ ഇല്ലാത്ത സാഹചര്യമുണ്ടായി. മുൻ ഗവൺമെന്റിന്റെ നിരുത്തരവാദപരമായ സമീപനംമൂലമാണ് പ്രൊഫഷണൽ വിദ്യാഭ്യാസ രംഗം കുത്തഴിഞ്ഞത്. 50 ശതമാനം സീറ്റിൽ മാനേജുമെന്റുകൾക്ക് തോന്നുന്നതുപോലെ പ്രവേശനം നടത്താൻ അനുവദിക്കുന്നതാണ് 2004–ൽ യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന ബിൽ. 15 ശതമാനം

എൻ.ആർ.ഐ.-ക്ക് മാറ്റിവച്ച് ബാക്കി സീറ്റിന് കോമൺ എൻട്രൻസ് എക്സാമിനേഷൻ നടത്തുന്നതിനുള്ള അനുവാദം ഈ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഈ ബില്ലിന്റെ ഏറ്റവും വലിയ പ്രത്യേകത എൻ.ആർ.ഐ. ഫീസ് ഉൾപ്പെടെ 100 ശതമാനവും ഫീസ് സംബന്ധിച്ച മാനദണ്ഡങ്ങൾ അതോറിറ്റി പരിശോധിച്ച് തീരുമാനിക്കുമെന്നതാണ്. മാനേജുമെന്റ് പ്രതിനിധി കൾക്ക് അവരുടെ ആവശ്യങ്ങൾ ഫീസ് റെഗുലേറ്ററി അതോറിറ്റിക്ക് മുമ്പിൽ സമർപ്പിക്കാൻ അവകാശമുണ്ട്. ഫീസ് റഗുലേറ്ററി അതോറിറ്റിയാണ് ഫീസിന്റെ കാര്യത്തിൽ തീരുമാനം എടുക്കേണ്ടത്. നിയമലംഘനം നടത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. സർക്കാരിൽ നിന്നുമുള്ള വിഹിതവും നിയമലംഘനം നടത്തുന്നവരിൽ നിന്നും ഈടാക്കുന്ന പിഴത്തുകയും വിദേശ മലയാളികളിൽ നിന്നും സമാഹരിക്കുന്ന തുകയം ചേർന്ന ഫണ്ട് ഉപയോഗി ച്ചാണ് സ്ക്കോളർഷിപ് ഫണ്ട് രൂപീകരിച്ചിരിക്കുന്നത്. ആവർത്തിച്ചുവരുന്ന സുപ്രീംകോടതി വിധികളിൽ ഗവണ്മെന്റ് ഫീസ്, ഗവണ്മെന്റ് ക്വാട്ട എന്നിവ പാടില്ലെന്നുള്ളതുകൊണ്ട് ഈ കേസ് ഇനി സുപ്രീംകോടതിയുടെ പരിഗണനയ്ക്ക് വന്നാൽ സുപ്രീംകോടതിക്ക് ഈ നിയമം റദ്ദാക്കാൻ പറ്റാത്ത വിധത്തിൽ ഇത്തരം പദപ്രയോഗങ്ങൾ ബില്ലിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. ബില്ലിൽ അപാകതകളുണ്ടെങ്കിൽ അവ തിരുത്താൻ പ്രതിപക്ഷത്തിന്റെ സഹായം കൂടി ആവശ്യമാണ്. നൂറു ശതമാനം സീറ്റിലും പ്രവേശനം നടത്തുമ്പോൾ ഫീസിന്റെ ഘടന നിശ്ചയിക്കുന്നത് അതിലേയ്ക്കായി നിയോഗിക്കപ്പെട്ട കമ്മിറ്റിയുടെ മേൽനോട്ടത്തിൽ മാത്രമായിരിക്കുമെന്നുള്ള ശ്രദ്ധേയമായ വ്യവസ്ഥ ഈ ബില്ലിലുണ്ട്. സാമ്പത്തികമായും സാമൂഹ്യ മായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്നവർക്കും മുന്നോക്കവി

ഭാഗങ്ങളിലെ പിന്നോക്കക്കാർക്കുവേണ്ടി സംവരണം ചെയ്തിരിക്കുന്നതും ഫിസിക്കലി ചലഞ്ച്ഡായിട്ടുള്ളവർക്ക് നീക്കിവച്ചിരിക്കുന്ന മൂന്ന് ശതമാനം സീറ്റുമുൾപ്പെടെ 15% സീറ്റിന്റെ കാര്യത്തിൽ മാനേജ്മെന്റുകളുമായിട്ടുള്ള അഭിപ്രായസമന്വയത്തിൽ നടപ്പാക്കു മെന്ന് ബില്ലിൽ പറയുന്നത് എങ്ങനെ പ്രായോഗികമാക്കുമെന്ന് ചില മെമ്പർമാർ സംശയം ഉന്നയിച്ചു. മാനേജ്മെന്റ് ക്വാട്ടയെന്നോ ഗവണ്മെന്റ് ക്വാട്ടയെന്നോ പാടില്ലെന്നാണ് സുപ്രീംകോടതി വിധി. സുപ്രീംകോടതി വിധിയിൽ പറയുന്നത്, ന്യായം, സുതാര്യം, ചൂഷണരഹിതം എന്നീ മൂന്ന് അടിസ്ഥാനപ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ സംവരണാനുകൂല്യം സംരക്ഷിക്കാൻ വ്യവസ്ഥയുണ്ടാകണം എന്നാണ്. അതിന്റെ ചുവടുപിടിച്ചാണ് കേന്ദ്രഗവണ്മെന്റ് 93-ാം ഭരണഘടനാഭേദഗതി കൊണ്ടുവന്നത്. അതുപ്രകാരം വിദ്യാഭ്യാസപരമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നവർക്ക് സംരക്ഷണം കൊടുക്കാൻ വ്യവസ്ഥ കൊണ്ടുവരുമ്പോൾ മാനേജ്മെന്റുമായി അഭിപ്രായസമന്വയമുണ്ടാക്കി മാത്രമേ അത് നടപ്പാക്കാൻ കഴിയുകയുള്ളു. ഇക്കാര്യത്തിൽ മറ്റ് ചില സംസ്ഥാനങ്ങളിൽ നടന്ന നിയമനിർമ്മാണംകൂടി പരിശോധിച്ചിട്ടാണ് ഈ വ്യവസ്ഥ ചേർത്തത്. ജനങ്ങൾ തെരഞ്ഞെടുത്ത ഒരു ഗവണ്മെന്റാണിത്. സ്വന്തം നാടിന്റെ താൽപ്പര്യങ്ങൾക്കുവേണ്ടി ഉറച്ചുനിൽക്കുന്ന ഏതൊരാളിനും അനുകൂലിക്കാൻ കഴിയുന്ന വ്യവസ്ഥകളാണ് ഈ ബില്ലിലുള്ളത്. കേരളത്തിലെ ജനങ്ങളുടെ നന്മയെക്കരുതി ബില്ലിൽ ആവശ്യമായ ഭേദഗതികൾ വരുത്തി അഭിപ്രായസമന്വയത്തോടുകൂടി ഈ ബിൽ സബ്ജക്ട് കമ്മിറ്റി ചർച്ച കഴിഞ്ഞ് വീണ്ടും സഭയിൽ കൊണ്ടുവരാൻ കഴിയുമെന്നുള്ള പ്രതീക്ഷയാണുള്ളത്.

ശ്രീ. വി.എസ്. സുനിൽകുമാർ, ശ്രീ. വി.ജെ. തങ്കപ്പൻ എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

2006–ലെ കേരള പ്രൊഫഷണൽ കോളേജുകൾ (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും പ്രവേശനം നിയന്ത്രിക്കലും ചൂഷണരഹിത ഫീസ് നിശ്ചയിക്കലും പ്രൊഫഷണൽ വിദ്യാഭ്യാസത്തിൽ നീതിയും മികവും ഉറപ്പുവരുത്തുന്നതിനുള്ള മറ്റ് നടപടികളും) ബിൽ സാമൂഹ്യസേവനം സംബന്ധിച്ച VI–ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്യക്കയക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

സഭ വൈകുന്നേരം 5–12–ന് പിരിഞ്ഞു.

................................